മൂക്കോത്തു രാമുണ്ണി ചാർജ്ജൂവിട്ടു

[പി. ടി. ഐ.] കോഴിക്കോട്ട് ഏ. 8 കേന്ദ്ര അഡ്മിനിസ്ട്രേഷനിലെ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്ററായ ശ്രീ. മൂക്കോത്തു രാമുണ്ണി തന്റെ ചാർജ്ജ് പുതിയ അഡ്മിനിസ്ട്രേറ്റർ മി. സി. എച്ച്. നായക്ക് കൈമാറിയിരിക്കുന്നു. നേരത്തെ കവരത്തിയിലെ എഡ്മിഷന്റെ തലവനായിട്ടാണ് മി. രാമുണ്ണി നിയമിതനായിട്ടുള്ളത്.

Reg: No K. 31

തൊഴിലാളി

Founder Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റേജ്	വാരാന്ത്യപ്പതിപ്പ് പോസ്റ്റേജ്
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് ഓടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 96 | 1965 ഏപ്രിൽ 9 വെള്ളി തൃശൂർ | വില 7 പൈസ | പേജ് 4

ലോകസഭയിൽനിന്നുണ്ടായ രണ്ടാഴ്ചക്കാലത്തേക്ക്

മധുലിമായയെസസ് പെണ്ടു് ചെയ്തു

ഗവണ്മേണ്ടിനെ നപുംസകമെന്നു് വിളിച്ചതിനു് ശിക്ഷ

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 8

സഭയേയും അംഗങ്ങളേയും അപമാനിക്കുന്നതരത്തിലുള്ള അഭിപ്രായപ്രകടനം നടത്തിയതിനു് മി. മധുലിമായെയെ (എസ്. എസ്. പി.) ലോകസഭ രണ്ടാഴ്ചക്കാലത്തേയ്ക്കു് സസ്പെൻറുചെയ്തിരിക്കുന്നു 44 വോട്ടിനെതിരെ 183 വോട്ടുകളുടെ പിൻബലത്തോടുകൂടിയാണു് ലോക്സഭ ഈ തീരുമാനമെടുത്തതു്.

സഭാനടപടികളെ സംബന്ധിച്ചു് "നപുംസകം" എന്ന പദപ്രയോഗം മധുലിമായെ നടത്തുകയുണ്ടായി.

ഫിസ്സോയുടെ നിർദ്ദിഷ്ടമായ ചൈനാ സന്ദർശനത്തെ സംബന്ധിക്കുന്ന ഒരു ശ്രദ്ധതിരിക്കൽപ്രമേയം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ ചൈനയെ സംബന്ധിക്കുന്ന ഗവണ്മെണ്ടിന്റെ നപുംസക നിലപാടു് എപ്പോഴാണു് ഉപേക്ഷിക്കുക എന്നു് മി. ലിമായെ ചോദിക്കുകയുണ്ടായി.

ഫിസ്സോയേപ്പോലേയും ഷേക് അബ്ദുള്ളയേപ്പോലേയുള്ള വ്യക്തികളെ കൂട്ടുപിടിച്ചും ആക്രമണം നടത്തിയും ഇന്ത്യയെ തുണ്ടുതുണ്ടാക്കുന്നതിനാണു് ചൈന ശ്രമിക്കുന്നതെന്നു് അദ്ദേഹം പറഞ്ഞു. ഗവണ്മെണ്ടു് നയത്തെപ്പറ്റി "നപുംസകം" എന്ന വിശേഷണം തെറ്റാണെന്നു് സ്വരൺസിംഗ് പറഞ്ഞു. ആ പദം പാർലമെൻറിയാണോ എന്നു് ആർ. കെ. കാസിൽക്കാർ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു. കാസിൽക്കറോടു് ഇരിക്കാൻ ലിമായെ വിളിച്ചുപറഞ്ഞു. സഭാനടപടികളെ തടസ്ഥപ്പെടുത്തുന്നതിനാണു് മധുലിമായെ എല്ലാദിവസവും ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു് സ്പീക്കർ ഇടപെട്ടുകൊണ്ടു് പ്രസ്താവിച്ചു. പലപ്പോഴും താൻ മി. ലിമായെ താക്കീതുചെയ്തിട്ടുണ്ടു്. ഇതെല്ലാംമൂലമായിട്ടും ലിമായെ സഭാനടപടികളെ തടസ്ഥപ്പെടുത്തുകയാണു്. ഈ തരത്തിൽ പോയാൽ സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ തനിക്കു് സാധ്യമല്ലെന്നും അതുകൊണ്ടു് ലിമായെ സഭയിൽനിന്നു് പുറത്തുപോകണമെന്നും സ്പീക്കർ പറഞ്ഞു. ആ സന്ദർഭത്തിൽ തനിക്കുനേരെ ഭീഷണിയുണ്ടെന്നു പറഞ്ഞ ലിമായെയോടു് പുറത്തുപോകുവാൻ സ്പീക്കർ വീണ്ടും ആവശ്യപ്പെട്ടു. ലിമായെ പുറത്തുപോകുമ്പോൾ 'നപുംസക നടപടി തുടരുന്നു' എന്നു് വിളിച്ചുപറഞ്ഞു. ഇതുമായപ്പോൾ ലിമായെയെ രണ്ടാഴ്ചക്കാലത്തേയ്ക്കു് സസ്പെൻറ് ചെയ്യണമെന്നു് പാർലമെൻററികാര്യമന്ത്രി സത്യനാരായണസിംഹ ഒരു പ്രമേയം കൊണ്ടുവന്നു.

പുറത്തുപോകണമെന്നുള്ള സ്പീക്കറുടെ ആജ്ഞയെ ലിമായെ അനുസരിച്ചതുകൊണ്ടു് മറെറാരു ശിക്ഷയുടെ ആവശ്യമില്ലെന്നു് എസ്. എൻ. ദ്വിവേദി (പി. എസ് പി) പറഞ്ഞു. ഹീരൻമുക്കർജ്ജിയും ഇതേ അഭിപ്രായംതന്നെയാണു് പ്രകടിപ്പിച്ചതു്.

പിന്നീടു് സഭ പ്രമേയം പാസ്സാക്കി.

....

മേനോൻ ശാസ്ത്രിയെ സന്ദർശിച്ചു

(പി ടി ഐ.) ന്യൂഡൽഹി, ഏ. 8

മി: വി. കെ. കൃഷ്ണമേനോൻ പ്രധാനമന്ത്രി മി: ലാൽ ബഹദൂർ ശാസ്ത്രിയെ സന്ദർശിച്ച സംഭാഷണം നടത്തിയിരിക്കുന്നു. പാലസ്തയിൻ സെമിനാറിൽ സന്ദർശിച്ചശേഷം കെയ്റോയിൽനിന്നും മടങ്ങിയെത്തിയ ഉടനെയാണു് ഈ കൂടിക്കാഴ്ച നടന്നതു്.

പ്രസിഡണ്ടു് നാസ്സറും മറെറ ഐക്യ അറബി റിപ്പബ്ലിക് അധികൃതരുമായി താൻ കെയ്റോയിൽ നടത്തിയ ചർച്ചകളെപ്പറ്റി മി. കൃഷ്ണമേനോൻ പ്രധാനമന്ത്രിയെ ധരിപ്പിക്കുകയുണ്ടായെന്നറിയുന്നു.


—o—

അസമാഗ്ലിക ഫിലിം നിർമ്മിക്കുന്നവരെ മഹറോൻ ചൊല്ലണം

വത്തിക്കാൻസിറ്റി, ഏ. 8

അസന്മാഗ്ലിക ഫിലിമുകൾ നിർമ്മിക്കുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യുന്ന കത്തോലിക്കരെ മഹറോൺ ചൊല്ലണമെന്നു് ഒരു പ്രമുഖ ഇറാലിയൻ മൈദ്രാസ്ത്രജ്ഞനായ റവ: ഫാദർ ഫെർഡിനാണ്ടൊലാം ഫ്രഡ്ച്ചിനിവാദിച്ചിക്കുന്നു.

വത്തിക്കാൻസിറ്റിയിലെ സചിത്ര വാരികയായ ഓസ്സർ വത്തോറൈല്യെ സെമെനിക്കായിൽ എഴുതിയ ഒരു ലേഖനത്തിലാണു് അദ്ദേഹം ഈ വാദമുന്നയിതു്.



ഹൈദ്രാബാദിലെ മൃഗസംരക്ഷണ ശാസ്ത്ര കോളേജിൽ കോഴിവളർത്തൽ സംബന്ധിച്ചു് സാങ്കേതികപരിശീലനം നേടുകയാണു് ഈ വിദ്യാർത്ഥികൾ. അന്താരാഷ്ട്രീയ വികസനത്തിനുള്ള യു. എസ്. ഏജൻസിയുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിക്കു് നേതൃത്വം വഹിക്കുന്നതു് മി. വാൻറപ്പൂൾ എന്ന അമേരിക്കനാണു്.

ബെർലിൻ കുഴപ്പം

കമ്മ്യൂണിക്കും കീഴടങ്ങി

ഗതാഗതം പുനഃസ്ഥാപിച്ചു

(റോയിട്ടർ) പശ്ചിമ ബെർലിൻ, ഏപ്രിൽ 8

കഴിഞ്ഞ ഏഴു് കൊല്ലത്തിനുള്ളിൽ ആദ്യമായി പടിഞ്ഞാറൻ ജർമ്മനിയുടെ പാർലിമെൻറ് (അതിന്റെ അധോമണ്ഡലം) ഇന്നലെ ബെർലിനിൽ സമ്മേളിച്ചു.

ഈ സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റ് ജെറവിമാനങ്ങൾ മുകളിൽ പറന്നുകൊണ്ടിരുന്നു. പശ്ചിമാതിർത്തിയായി പോകുന്ന ആട്ടോബാനിൽ കമ്മ്യൂണിസ്റ്റ് സേനകളും നീങ്ങിക്കൊണ്ടിരുന്നു.

നഗരത്തിലേക്കുള്ള പ്രവേശനസ്വാതന്ത്ര്യത്തിനേലുണ്ടായ ലംഘനത്തിൽ പടിഞ്ഞാറൻ ശക്തികൾ മോസ്കോയിൽ പ്രതിഷേധിക്കുകയുണ്ടായി.

ബെർലിനിൽ പാർലിമെൻറ് സമ്മേളിക്കുന്നതു് ഒരു നിയമവിരുദ്ധ പ്രകോപനമാണെന്നു് കമ്മ്യൂണിസ്റ്റുകൾ അപലപിച്ചു. എന്നാൽ ബെർലിനിലുള്ള ചതുർരാഷ്ട്ര അന്തസ്സിനെ അതു് ബാധിക്കുകയില്ലെന്നുള്ള നിലപാടാണു് പടിഞ്ഞാറൻ രാഷ്ട്രങ്ങൾ എടുത്തതു്.

ഇന്നലെ രാവിലെ പടിഞ്ഞാറൻ ശക്തികളുടെ ടാങ്കുകൾ പശ്ചിമ ബെർലിനിൽ ഒരു ശക്തിപ്രകടനം നടത്തി. അതിനുശേഷം ബെർലിനിൽനിന്നു് പടിഞ്ഞാറൻ ജർമ്മനിയിലേക്കുള്ള ആട്ടോബാൻ കമ്മ്യൂണിസ്റ്റ് സേനകൾ തുറന്നുകൊടുത്തു. കഴിഞ്ഞ മൂന്നു ദിവസമായി അവർ ഈ റോഡ് അടച്ചിരിക്കുകയായിരുന്നു.

പിന്നീടു് പടിഞ്ഞാറൻ ജർമ്മനിയുടെ അറ്റത്തുള്ള ഹാനോവർ-ബെർലിൻ ആട്ടോബാനും കമ്മ്യൂണിസ്റ്റുകൾ തുറന്നു.

പ്രകോപനപരം

(റോയിട്ടർ) വാഷിംഗ്ടൺ, ഏ. 8

ബെർലിന്റെ മുകളിൽകൂടിയുള്ള സോവിയറ് ജെറവ് വിമാനങ്ങളുടെ പറക്കൽ ആപല്ക്കരവും, പ്രകോപനപരവുമാണെന്നു് അമേരിക്കൻ സ്റ്റെയിറ് ഡിപ്പാർട്ടുമെൻറ് പ്രസ്താവിച്ചു. ചില വിമാനങ്ങളിൽനിന്നു പൊടിയ പീരങ്കിവെടി സംഘർഷത്തെ ശക്തിപ്പെടുത്തുവാൻ മാത്രമേ സഹായിക്കുകയുള്ളുവെന്നു ഡിപ്പാർട്ടുമെൻറിന്റെ പ്രസ്താവനയിൽ പറയുന്നു.

.....

അദ്ധ്യാപകരുടെ ഇടക്കാലാശ്വാസപ്രശ്നം ഛഗ്ലയുടെ പ്രസ്താവന

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 8

നാലാം പദ്ധതി നിർദ്ദേശങ്ങളും പൂപകൊള്ളുന്നതുവരെയുള്ള ഇടക്കാല ഘട്ടത്തിൽ അദ്ധ്യാപകരുടെ അവരതകം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഗവണ്മെണ്ടു് ചിന്തിച്ചുകൊണ്ടിരിക്കുകയാണെന്നു് വിദ്യാഭ്യാസമന്ത്രി മി. ഛഗ്ല ഇന്നു ലോക്സഭയിൽ പ്രസ്താവിച്ചു. അദ്ധ്യാപകരുടെ വേതനത്തെപ്പറ്റി ഉയരുന്നതായ സംബന്ധിക്കുന്ന ചില ചോദ്യങ്ങൾക്കു മന്ത്രി മറുപടി പറയുകയായിരുന്നു.

അദ്ധ്യാപകർക്കുവേണ്ടി ഒരു ശമ്പളക മീഷനെ നിയമിക്കണമെന്ന ആവശ്യത്തെ ചുറ്റി തള്ളിക്കളഞ്ഞു. കാരണം, സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരല്ല. അദ്ധ്യാപകരുടെ ആവശ്യങ്ങളോടു് തനിക്കു് അനുഭാവമുണ്ടെന്നും ഗവണ്മെണ്ടു് ജീവനക്കാരുടെ പ്രശ്നത്തിൽനിന്നു വിഭിന്നമായ രീതിയിൽ അദ്ധ്യാപകരുടെ പ്രശ്നം നോക്കിക്കാണേണ്ടതുണ്ടെന്നും ഛഗ്ല പറഞ്ഞു.

വിയറ്റ്നാംയുദ്ധം അവസാനിപ്പിക്കാൻ

നിരുപാധിക ചർച്ചയ്ക്കു് തയ്യാർ

പക്ഷേ തെക്കിനു് സ്വാതന്ത്ര്യം നൽകണമെന്നു ജോൺസൺ

(പി ടി ഐ) ബാൾട്ടിമോർ, ഏ 8

തെക്ക് കിഴക്കൻ ഏഷ്യക്കു് ഒരു ബില്യൻ ഡോളർ സഹായ പരിപാടി പ്രസിഡണ്ടു് ജോൺസൺ ഇന്നലെ രാത്രി ഇവിടെ നിർദ്ദേശിച്ചു.

വിയറ്റ്നാംയുദ്ധം അവസാനിപ്പിക്കുന്നതിനു് നിരുപാധിക ചർച്ചകൾക്കു് ഒരുക്കമാണെന്നും അദ്ദേഹം പറഞ്ഞു.

ജോൺ ഹോപ്പ്കിൻസ് സർവ്വകലാശാലയിൽ വിയറ്റ്നാമിനെ സംബന്ധിച്ചു് അദ്ദേഹം ഒരു പ്രമുഖ പ്രസംഗം ചെയ്യുകയായിരുന്നു.

സമാധാനത്തിന്റെ ഫലമായി തെക്കൻവിയറ്റ്നാമിനു് സ്വാതന്ത്ര്യം സിദ്ധിക്കണമെന്നു് അദ്ദേഹം ഊന്നിപ്പറഞ്ഞു. വിയറ്റ്നാമിനെ സംബന്ധിച്ചു് കൂടിയാലോചനകൾക്കുള്ള ഒരുനിരഞ്ജനമനോഭാവമാണു് പ്രസിഡണ്ടു് പ്രദർശിപ്പിച്ചതു്. പക്ഷേ വിയറ്റ്നാമിനെതിരായ വ്യോമാക്രമണങ്ങൾ നിറുത്തുന്നതിനോ, അല്ലെങ്കിൽ തെ. വിയറ്റ്നാമിനെ പീഡിപ്പിക്കുന്നതിനോ അന്തിമമായി പിടിപ്പെടുക്കുന്നതിനോടൊ പ്രസിഡണ്ടു് തികച്ചും പ്രതികൂലമനോഭാവമാണു് കാണിച്ചതു്.

ജപ്പാന്റെ പിന്തുണ

(പി ടി ഐ) ടോക്കിയോ, ഏ 8

വിയറ്റ്നാം പ്രശ്നത്തിനു് സമാധാനപരമായ പരിഹാരം കാണുന്നതിനു് നിരുപാധിക ചർച്ചകൾക്കു് തയ്യാറാണെന്നുള്ള പ്രസിഡണ്ടു് ജോൺസന്റെ പ്രസ്താവനക്കു് ജപ്പാനിസ് ഗവണ്മെണ്ടു് പൂർണ്ണപിന്തുണ പ്രഖ്യാപിച്ചിരിക്കുന്നു.

പാസ്പോർട്ടു് പ്രശ്നം ഷേക്കിനെ അറിയിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നു്

(പി. ടി. ഐ) ന്യൂഡൽഹി എ. 8

ഹജ്ജ് തീർത്ഥാടനത്തിനാവശ്യമായ തെരിക്കെയുള്ള എല്ലാ പാസ്പോർട്ടു് അംഗീകരിക്കുവാനും റദ്ദാക്കിയിരിക്കുന്നവെന്ന വിവരം ഷേക്കു് അബ്ദുള്ളയെ അറിയിക്കുവാൻ ഇന്ത്യാ ഗവണ്മെണ്ടു്, അതിന്റെ ജെസ്സ്റ്റിയിലുള്ള തൊഴുത്യസംഘത്തിനു് നിർദ്ദേശം നല്കിയിരിക്കുന്നു.

ഷേക്കിനെ വിവരം അറിയിച്ചുവൊ എന്നതിനെപ്പറ്റി ഇന്നലെ സായാഹ്നംവരെ ഒരു വിവരവും ലഭിച്ചിട്ടില്ലെന്നു വിദേശകാര്യാലയത്തിലെ ഒരു വക്താവു് പറഞ്ഞു.

ഷേക് അബ്ദുള്ളയുടെ പാസ്പോർട്ടു് അംഗീകാരം റദ്ദാക്കിയതു സംബന്ധിച്ചു ബന്ധപ്പെട്ട രാഷ്ട്രങ്ങളെ ഇന്ത്യാ ഗവണ്മെണ്ടു് അറിയിച്ചുകഴിഞ്ഞു.

ഷേക്ക് അബ്ദുള്ളയെ സംബന്ധിച്ചു ഇന്ത്യാ ഗവണ്മെണ്ടിന്റെ തീരുമാനത്തെ എതിർത്തുകൊണ്ടുള്ള പാക് വിദേശകാര്യവക്താവിന്റെ പ്രതികരണം, ഇവിടെ ഒരു അഭ്യന്തരനിന്നും ഇടയാക്കിയില്ല. തികച്ചും വ്യക്തവും നിയമപരവുമായ ഒരു തീരുമാനത്തെ വിമർശിക്കുക എന്നതു് പാക്കിസ്ഥാൻ ഗവണ്മെണ്ടിന്റെ ഔദ്ധിലമാണെന്നു് ഒരു വിദേശകാര്യാലയവക്താവു് പറഞ്ഞു. സ്വന്തം ഒരു പൌരനു് നൽകിയിട്ടുള്ള ഒരു പാസ്പോർട്ടു് റദ്ദാക്കുക എന്നതു് ഒരു പരമാധികാരരാഷ്ട്രത്തിന്റെ അവകാശമാണെന്നും ഈ വക്താവു് തുടർന്നുപ്രസ്താവിച്ചു.

തീവണ്ടിമുറിയിൽ കൊലപാതകം

ഒരു ഭർത്താവിന്റേയും ഭാര്യയുടേയും അന്ത്യം

(പി. ടി. ഐ.) പാറ്റ്ന ഏ. 8

ബാബുഘാട്ട്-ഛപ്ര സ്റ്റേഷനുകൾക്കിടയ്ക്കുവെച്ചു് ദിനാപൂർ ഫാസ്റ്റ് പാസഞ്ചർ ട്രെയിനിലെ 2-ാംക്ലാസു് മുറിയിൽ സഞ്ചരിച്ചിരുന്ന ധനാഢ്യനും വ്യാപാരിയുമായ മി. രാംപ്രസാദ് മണ്ഡലിന്റെ [43] മൃതദേഹം ആരോ കൊല ചെയ്യപ്പെട്ട നിലയിലും അദ്ദേഹത്തിന്റെ ഭാര്യയും ബീഹാർ ഇൻ ഫർമേഷൻ മിനിസ്റ്റർ ശ്രീമതി സുമിത്രാദേവിയുടെ ഒരു കസിനുമായ ശ്രീ ഗണേഷ് ദേവി [40] മാരകമായ പരുക്കുകളോടെ തീവണ്ടിമുറിയിൽ ഇന്നു അതിരാവിലെ കാണപ്പെട്ടിരിക്കുന്നു. പിന്നീടു് രണ്ടുപേരും ആശുപത്രിയിൽവെച്ചു് മൃതിയടഞ്ഞു.

അവർ രണ്ടുപേരും ഉറങ്ങിക്കിടന്നിരുന്ന വേളയിൽ സായുധരായ ചിലർ അവരുടെ കമ്പാർട്ടുമെൻറിൽ കയറി കത്തികയാണ്ടതെന്നാണു് റിപ്പോർട്ടു്. അതേ മുറിയിൽതന്നെ സഞ്ചരിച്ചിരുന്ന 18 വയസ്സായ അവരുടെ മകളും മറെറാരു ബന്ധുസ്ത്രീയും പരുക്കുകളൊന്നുമേൽക്കാതെ രക്ഷപ്പെട്ടു. കത്തിക്കഴിഞ്ഞശേഷം കൊലയാളികൾ പുറത്തേയ്ക്കു ചാടി രക്ഷപ്പെട്ടു.

വിവരം കേട്ട ഉടനെ മന്ത്രി ശ്രീമതി സുമിത്രാദേവി രാവിലെതന്നെ ഭഗൽപൂരിലേയ്ക്കു പറന്നു. റയിൽവെ പോലീസ് സൂപ്രണ്ടു് മി. എസ്, എം. ഘോഷും ഒരു സംഘം സി ഐ. ഡി. ഉദ്യോഗസ്ഥന്മാരും ഭഗൽപൂരിലേയ്ക്കു പോയിട്ടുണ്ടു്. കൊലയാളികൾ, കളവൊന്നും നടത്തിയിട്ടില്ലെന്നാണു് റിപ്പോർട്ടു്.

പോസ്റ്റു് മാർട്ടത്തിനുശേഷം രണ്ടുപേരുടേയും മൃതദേഹം ഭഗൽപൂരിലെ ഗംഗാതീരത്തു് ദഹിപ്പിച്ചു.

....

ഷേക്കിനു 1000 കുടുംബങ്ങളുടെ വിദേശനാണ്യം

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 8

ഹജ്ജ് തീർത്ഥാടനത്തിനായി ആയിരം രൂപയ്ക്കുള്ള വിദേശനാണ്യമാണു് ഷേക്കു് അബ്ദുള്ളയ്ക്കു് നൽകിയതെന്നു ധനകാര്യവകുപ്പിലെ മന്ത്രി മി. ബി. ആർ. ഭഗത് ഇന്നു ലോക് സഭയിൽ എഴുതിക്കൊടുത്ത ഒരു മറുപടിയിൽ പറഞ്ഞു. ഹജ്ജ് തീർത്ഥക്കു് അനുവദിക്കാവുള്ള വിദേശനാണയത്തിന്റെ അടിസ്ഥാനത്തിലാണു് ഈ സംഖ്യ അനുവദിച്ചതെന്നും അദ്ദേഹം അറിയിച്ചു.

—o—

ഇന്തോ-സോവിയറ് ശാസ്ത്ര സാംസ്കാരിക കരാർ

(റോയിട്ടർ) മോസ്കോ, ഏ. 8

സാംസ്കാരിക-ശാസ്ത്രീയ കൈമാറ്റം സംബന്ധിച്ചു്, 1965-66 ലേയ്ക്കായുള്ള ഒരു കരാറിൽ ഇന്ത്യയും സോവിയറ് യൂണിയനും ഒപ്പുവെച്ചിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടയ്ക്കു് നടക്കുന്ന ഏറവും ബൃഹത്തായ ഒരു കരാറാണിതു്. വിജ്ഞാനത്തിനും ഇന്തോ-സോവ്യറ് സാംസ്കാരിക ബന്ധം ഉറപ്പിക്കുന്നതിനുമുള്ള ഒരു പുതിയ നടപടിയായി നിരീക്ഷകർ ഇതിനെ വിവരിച്ചു.

ശാസ്ത്രത്തിന്റെയൊ സംസ്കാരത്തിന്റേയൊ ഒരൊറ ശാഖയും കരാറിൽ ഉൾപ്പെടുത്താനില്ല. പ്രത്യേകിച്ചു് വിദ്ധ രാജ്യങ്ങളുടെ കൈമാറ്റം, ശാസ്ത്രബന്ധം, കല, സ്പോർട്സ്, ആരോഗ്യം, ടെക്നോളജി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇരു രാഷ്ട്രങ്ങളിലേയും ഡിപ്ലോമകളുടേയും ബിരുദങ്ങളുടേയും തുല്യതകരാറനുസരിച്ചു അംഗീകരിക്കും.

സോവ്യറ് സർവ്വകലാശാലകളിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ പ്രഥമ സംഘം ബിരുദം നേടി ഈ വർഷം ഇന്ത്യയിലേയ്ക്കു മടങ്ങുന്നുവെന്നതുകൊണ്ടു് ഈ കരാറിന്റെ പ്രാധാന്യം കൂടുതൽ പരിഗണിക്കപ്പെടുന്നുണ്ടു്. ഇന്ത്യൻ ഡെലിഗേഷൻ നേതാവു് മി. ഫ്രേംകുപാൽ ഇന്ത്യക്കുവേണ്ടിയും സോവ്യറ് കൾച്ചറൽ റിലേഷൻസ് കമ്മറിയുടെ ഡെപ്യൂട്ടി ചെയർമൻ റഷ്യക്കുവേണ്ടിയും കരാറിൽ ഒപ്പുവെച്ചു.

....o....

അയൂബിന്റെ മോസ്കോ ഔദ്യം പൊട്ടി

സോവിയറിന്റെ കാഷ്മീർ നിലപാടിൽ മാറ്റമില്ല

ഷെയ്ക്കിനെ റഷ്യ സന്ദർശിക്കാൻ അനുവദിക്കില്ല

(പി. ടി. ഐ) മോസ്കോ, ഏ. 8

പാക്കു് പ്രസിഡണ്ടു് അയൂബ്ഖാന്റെ സോവിയറും സന്ദർശനം ഇന്ത്യാ-സോവിയറും ബന്ധങ്ങളെ ഒരു തരത്തിലും ബാധിക്കുകയില്ലെന്നു് സോവിയറും അധികൃതർ ഇന്ത്യാഗവണ്മെണ്ടിനും ഉറപ്പു് കൊടുത്തിരിക്കുന്നു.

കാഷ്മീർ ഇന്ത്യയുടെ ഭരണഘടനാപരമായ ഭാഗമാണെന്നുള്ള സോവിയറ് നിലപാടിനു് യാതൊരു മാറ്റവുമില്ല. ഇന്ത്യയുമായുള്ള സൌഹാർദ്ദത്തേയും സഹകരണത്തേയും സോവിയറ് യൂണിയൻ അത്യധികം വിലമതിക്കുന്നുവെന്നും, അതിനെ ബാധിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും അനുവദിക്കുകയില്ലെന്നും സോവിയറും ഗവണ്മെണ്ടു് വ്യക്തമാക്കി.

കാഷ്മീരിനെ സംബന്ധിക്കുന്ന ഇന്ത്യൻ നിലപാടിനു് കൊല്ലങ്ങളായി ഫോവിയറും യൂണിയൻ പിന്തുണ നല്കിപോന്നിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് എന്തെങ്കിലും സംശയത്തിനു് വഴിയില്ല. കാഷ്മീർ പ്രശ്നത്തിലുള്ള ഇന്ത്യയുടെ നിലപാടിനോടു് ശത്രുതയുള്ള രാജ്യങ്ങളുമായുള്ള ബന്ധങ്ങളെ മെച്ചപ്പെടുത്തുവാൻ നോക്കുമെങ്കിലും, അതു് ഇന്ത്യാ-സോവിയറും സൌഹാർദ്ദത്തിനു് ഹാനിവരുത്തിക്കൊണ്ടായിരിക്കുമെന്നു് കരുതേണ്ട.

എല്ലാം കേട്ട

അയൂബിന്റെ സന്ദർശനം കൊണ്ടൊന്നും ഈ നിലപാടിനു് മാറ്റം വന്നിട്ടില്ല. ലോകപ്രശ്നങ്ങളെ സംബന്ധിക്കുന്ന അയൂബിന്റെ അഭിപ്രായങ്ങളെ സോവിയറ് നേതാക്കൾ കേട്ടു. ഇന്ത്യാ-പാക്കു് ബന്ധങ്ങളും, കാഷ്മീരും അയൂബിന്റെ അഭിപ്രായപ്രകടനത്തിനു വിധേയമായി. പക്ഷെ മറെറ രാഷ്ട്രങ്ങളുമായുള്ള സോവിയറിന്റെ ബന്ധങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണു് സോവിയറ്-പാക്കു് ബന്ധങ്ങളെന്നു സോവിയറും നേതാക്കൾ അയൂബിനെ വ്യക്തമായി ധരിപ്പിച്ചു.

സോവിയറുയൂണിയൻ സന്ദർശിക്കണമെന്നു് ഷെയ്ക്കു് അബ്ദുള്ള ആഗ്രഹം പ്രകടിപ്പിച്ചാൽതന്നേയും, ഷെയ്ക്കിനെ സോവിയറും സന്ദർശിക്കുവാൻ അനുവദിക്കുകയില്ലെന്നു് സോവിയറും നേതാക്കൾ ഇന്ത്യഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്.

ഷെയ്ക്കു് പ്രതിനിധീകരിക്കുന്നതു് ഷെയ്ക്കിനെതന്നെയാണു്. അതുകൊണ്ടു് ഷെയ്ക്കിനുവേണ്ടിയുള്ള ഒരഭ്യർത്ഥനയെ ചെവിക്കൊള്ളേണ്ട കാര്യം സോവിയറിനില്ല. ഷെയ്ക്കു് സോവിയറും യൂണിയൻ സന്ദർശിക്കുന്നതിനു കരുതുന്നുണ്ടെന്നുള്ള ചില പത്രറിപ്പോർട്ടുകളുടെ വെളിച്ചത്തിലാണു് സോവിയറും ഇന്ത്യക്കു് ഈ ഉറപ്പു് നല്കിയിട്ടുള്ളതു്.

....o....

ഭക്ഷ്യ അന്വേഷണ കമ്മീഷൻ ചേർന്നു

പി. ടി. ഐ. ജന്മം ഏ. 7

മൻ കാഷ്മീർ പ്രധാനമന്ത്രി ഭക്ഷിഉല്പാദനം മുഹമ്മദിനെതിരായ അടിമതിയാരോപണങ്ങളെപ്പറ്റിയുള്ള അന്വേഷണം ഏകാംഗകമ്മീഷന്റെ മുമ്പിൽ ഇന്നു പുനരാരംഭിച്ചു. എല്ലാ നടപടികളും വളരെ രഹസ്യമായിട്ടാണു് നടന്നതു്. കമ്മീഷന്റെ അടുത്ത സമ്മേളനം മെയ് 10-നു് ശ്രീനഗറിൽവച്ചു് നടക്കും.

—

ഒരു വൻതോക്കു് സ്വതന്ത്രപാർട്ടിവിട്ടു

[പി. ടി. ഐ] ഭുവനേശ്വർ ഏ. 8

ഒറീസ്സാ നിയമസഭയിലെ സ്വതന്ത്രപാർട്ടി ഗ്രൂപ്പിന്റെ ഡെപ്യൂട്ടി നേതാവും രണ്ടുമാഗ്രാമിശ്ര തൽസ്ഥാനം രാജിവെച്ചിരിക്കുന്നു. സ്വതന്ത്രപാർട്ടിയുടെ പ്രാഥമികാംഗത്വവും അദ്ദേഹം രാജിവെച്ചിട്ടുണ്ടു്. പാർട്ടിയുമായി നയപരമായ അഭിപ്രായവ്യത്യാസങ്ങളാണു് ഈ രാജിക്കു് കാരണമെന്നു് അദ്ദേഹം പറഞ്ഞു. ഇപ്പോൾ മറെറാരു പാർട്ടിയിലും ചേരുവാൻ താൻ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

—

ലോകമേളക്കു് 600 ഏക്കർ സ്ഥലം

[പി ടി ഐ] മധുര, ഏ 8

അടുത്തകൊല്ലം മദ്രാസിൽ നടത്തുന്ന ലോകവ്യവസായ മേളക്കു് 500-600 ഏക്കർ സ്ഥലം ഗവണ്മെണ്ടു് വിട്ടുകൊടുക്കണമെന്നു് മദ്രാസ് മുഖ്യമന്ത്രി കേമരാജ് ഇവിടെ പ്രസ്താവിച്ചു.

കേമരാജ് മതിവികസനമാണു് മേളകൊണ്ടുദ്ദേശിക്കുന്നതു്. അഖിലേന്ത്യാ മാനേജ്മെൻറ് അസോസിയേഷനാണു് മേള സംഘടിപ്പിക്കുന്നതു്.

....

വിജയകരമായ 5-ാംവാരം

തൃശൂർ രാമവർമ്മയിലും

മറെറ പ്രമുഖ കേന്ദ്രങ്ങളിലും



കടത്തുകാരൻ

[മലയാളം]

വെള്ളി, ശനി, ഞായർ 2-45നു് മാററിനി

സോവിയറും ആയുധപ്രവാഹം ചൈനതടയുന്നില്ല

വിയറ്നാമിൽനിന്നു് അമേരിക്കൻസേന പിൻവാങ്ങണമെന്നു് മിക്കോയൻ, കോസിജിൻ

(എ. എഫ്. പി.] മോസ്കോ, ഏ. 8

തെക്കു് കിഴക്കൻ ഏഷ്യയിൽ നിലവിലുള്ള സംഘർഷം കുറക്കണമെങ്കിൽ തെക്കൻ വിയറ്നാമിൽനിന്നു് അമേരിക്ക അതിന്റെ സേനകളെ പിൻവലിച്ചുകൊണ്ടു് നിർദ്ദോഷ പൌരന്മാരെ കൊന്നൊടുക്കുന്നതിൽനിന്നു് വിരമിക്കണമെന്നു് സോവിയറും രാഷ്ട്രതലവൻ അനസ്താസ് മിക്കോയൻ പാക്കു് പത്രക്കാരോടു് ഈയിടെ പറഞ്ഞു.

സോവിയറും സന്ദർശിക്കുന്ന പാക് പ്രസിഡണ്ടിന്റെ ബഹുമാനാർത്ഥം പാക്കു് എമ്പസ

അയ്യന്തോൾ പഞ്ചാ: ഓഫീസ് നിർമ്മാണവും ഒളരിക്കര മാർക്കറ്റ് പുനരുദ്ധാരണവും ബഡ്ജററിൽ 60000 ക. നീക്കിവെയ്ക്കുന്നു

ഒളരിക്കര, ഏപ്രിൽ 6

ശ്രീ. ഇ. കെ. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ അയ്യന്തോൾ പഞ്ചായത്തിന്റെ യോഗം 1965–66–ലെ ബഡ്ജററ് പാസ്സാക്കിയിരിക്കുന്നു. 2,13,250 ക. വരവും 2,12,250 ക. ചിലവും 1000 ക. നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജററിൽ ആഫീസ്സ് കെട്ടിടം പണിയുന്നതിനു 30000 കയും ഒളരിക്കര മാർക്കററ് പരിഷ്കരണത്തിനു 30000 കയും ഒരു നഴ്സറി സ്കൂൾ കെട്ടിടം പണിയുന്നതിനു് 6000 കയും ചേറുപുഴ മാതൃകശിശുസംരക്ഷണകേന്ദ്രത്തിന്റെകെട്ടിടം പണിയുന്നതിനു പഞ്ചായത്തു് വിഹിതം 2000 കയും സിവിൽ ലൈൻ പാക്കിൽ ചെടികളും വെക്കുന്നതിനും മറേറതുമായി 1000 കയും തെരുവുവിളക്കുകൾക്കും കത്തിക്കുന്നതിനു 15000 കയും പൊതുമരാമത്തു പണികൾക്കു് 36,100 കയും ജലവിതരണം നടത്തുന്നതിനു് മറേറതുമായി 15000 കയും നീക്കിവെച്ചിരിക്കുന്നു. ചൂടാതെ പൊതുജനാരോഗ്യ–വിദ്യാഭ്യാസ – സാമൂഹ്യ കാര്യങ്ങൾക്കും പ്രാധാന്യം നല്കുന്നതിനു ബഡ്ജററിൽ പ്രത്യേകം സംഖ്യകം വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്താവ്യമാണു്.

.....

പൊവ്വൽ ബ്ലോക്കിലെ വികസന പ്രവർത്തനങ്ങൾ

3 ലക്ഷം ക. ചെലവഴിച്ചു

കണ്ണംകൈ, ഏപ്രിൽ 7

പൊവ്വൽ വികസന ബ്ലോക്കിൽ ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലായുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ 3,06,237 രൂപ ചിലവഴിച്ചതായി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ പുറപ്പെടുവിച്ച റിപ്പോർട്ടിൽ പറയുന്നു. പ്രസ്തുത വർഷത്തേക്ക് അനുവദിച്ചിരുന്ന സംഖ്യ മുഴുവനും വിനിയോഗപ്പെടുത്തുകയുണ്ടായെന്നു് റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ടു്.

കൃഷി, മൃഗസംരക്ഷണം തുടങ്ങിയവക്കു് 23,876 രൂപായും, ജലസേചനത്തിനു് 10,844 രൂപായും, ആരോഗ്യ പ്രവർത്തനത്തിനു 28,842 രൂപായും, വിദ്യാഭ്യാസത്തിനു് 6,879 രൂപായുമാണു് ചിലവഴിച്ചു, ഗ്രാമീണ വ്യവസായത്തിനു് 46,513 രൂപാ ഗ്രാമീണ വികസനത്തിനു് 21,898 രൂപായും ഗ്രാമീണ ഭവനനിർമ്മാണപദ്ധതിക്കു് 22,600 രൂപായും ദീർഘകാല വായ്പയായി 18822 രൂപായും ഗ്രാമീണ കരകൗശലങ്ങൾക്കും വ്യവസായങ്ങൾക്കും 12,158 രൂപായും, സഹകരണ വികസനത്തിനു് 11,894 രൂപായും വിനിയോഗിക്കപ്പെട്ടു. ബ്ലോക്ക് ഹൈഡ് കമ്മിട്ടീസിനുവേണ്ടി 88,591 രൂപാ ചിലവാക്കി.

.....

വനിതകളോടു്

(തോമ്മസ് സെബാസ്റ്റ്യൻ)

എ. കെ. സി. സിയുടെ പത്തു പൈസാപ്പിരിവു് 'സ' മട്ടിൽ അങ്ങനെ പുരോഗമിക്കുകയാണു്. ഏപ്രിൽ 5–നു് നമ്മുടെ ഫണ്ടു് 44000 രൂപയിൽ കവിഞ്ഞിട്ടേയുള്ളൂ. വളരെ വരുക്കം ഇടവകകളും മാത്രമേ എപ്പോസ്സിൽ ഉൾപ്പെടുന്നുള്ളൂ.

ഏതായാലും കത്തോലിക്കാ കോൺഗ്രസ്സിനു് ശാശ്വതമായി ആടയും കിട്ടുകയും സുദായത്തിന്റെ നാനാ പ്രകാരേണയുള്ള ഉദ്ധാരണത്തിനു് ആവശ്യമായ കാര്യങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതു് പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സുദായങ്ങളുമായി ഇടകലർന്നു നിവസിക്കുന്ന കേരള കത്തോലിക്കരുടെ അടിയന്തിരമായ കടമയുമാണു്.

വനിതകൾക്കു് ഇക്കാര്യസാദ്ധ്യത്തിനു് വളരെ അധികം സേവനമനുഷ്ഠിക്കുവാൻ സൌകര്യമുണ്ടു്, മദ്ധ്യവേനൽ കഴിയുകയായിരിക്കുകയാണു്. എല്ലാ വർഷം നാട്ടിലും വീട്ടിലും ചൂടനുഭവിക്കുന്ന കാലമുമാണല്ലോ. ശ്രീമതിമാരായ മേരിക്കുട്ടി മറേറപ്പള്ളിക്കും, ട്രീസാ തോമസ് കണ്ണിയാമ്പടിക്കലും നിർദ്ദേശിച്ചപ്രകാരം സുദായത്തെ ഉദ്ധരിക്കുന്നതിനും നമ്മുടെ ഫണ്ടുപിരിവു് വിജയപ്രദമാക്കുന്നതിനും ഓരോ ഇടവകയിലും ഏതാനും വനിതകം രംഗത്തു് വരണമെന്നു് ഞാനഭ്യർത്ഥിക്കുന്നു. അവർ ബന്ധപ്പെട്ട വികാരിമാരെ സമീപിച്ചു് ഫണ്ടുപിരിവിന്റെ സ്ഥിതി മനസ്സിലാക്കി അതു പൂർത്തിയാക്കാൻ ശ്രമിച്ചാൽ നിഷ്പ്രയാസം അതു സാദ്ധ്യമാക്കുന്നതാണു്, പിരിവു് ഇടങ്ങിയിട്ടില്ലാത്തിടത്തു് ആദ്യമായി അവർ ഏറെറടുക്കണം. പൂർത്തിയാകാതെ, എപ്പോസ്സിൽ പൊടാതെയുള്ള ഇടവകകളിൽ ബാക്കി പിരിവു് അവർ നടത്തണം. അതാണെന്റെ വിനീതമായ അഭ്യർത്ഥന.

'64 ഡിസംബർ 25–ാംന- മുതൽ ഫണ്ടിലേയ്ക്കുള്ള സംഭാവനയുടെ കണക്കുതിട്ടപ്പെടുത്തി ആരും പിരിവിനു് ചെന്നിട്ടില്ലാ എന്ന കാരണത്താൽ ആയതിപ്പോഴും ചിലവക്കാരെ വെച്ചിരിക്കുന്നു എന്നു് ചില കണ്ണുകം വരുന്നുണ്ടു്. പിരിവിനു് വേണ്ടസ്സുള്ള ആളുകളെ കിട്ടുന്നില്ലാ എന്നു് പല ബഹുവൈദീകരും പറയുന്നുണ്ടു്–എന്നതാണു് കാരണ്യം.

കേരളത്തിലെ വനിതകളുടെ കഴിവും പ്രാപ്തിയും ലോകപ്രസിദ്ധമായി കഴിഞ്ഞിട്ടുണ്ടു്, പുരുഷന്മാർ പരാജയപ്പെട്ടുന്നിടത്തു് സ്ത്രീകം വിജയിക്കുമെന്ന ചരിത്രം തെളിയിച്ചിട്ടുണ്ടു്. ആകയാൽ കേരളത്തിലെ കത്തോലിക്കാ വനിതകളെ ഞാൻ വിനയപൂർവ്വം ക്ഷണിക്കുന്നു. ശരിയായ പ്ലാൻ തയ്യാറാക്കിക്കൊണ്ടു് ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടു് കത്തോലിക്കാ കോൺഗ്രസ്സിന്റെ 3 ലക്ഷം ഫണ്ടിനെ വിജയിപ്പിക്കുവാനായി തങ്ങളുടെ അവകാശ സേവനം നടപ്പാക്കണമെന്നു് എന്നു്.

"കണ്ണിച്ചാൽ നാം നിറച്ചു,
നിറച്ചാൽ നാം നശിക്കും".

.....

കോഴിവസന്തയ്ക്കു് കുത്തിവയ്പു്

ഇരിഞ്ഞാലക്കുട, ഏപ്രിൽ 7

ഇരിഞ്ഞാലക്കുട വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് പ്രദേശത്തെ വിവിധ ഭാഗങ്ങളിൽ ഈ മാസം അവസാനിക്കുന്നതുവരെയും കോഴിവസന്തയെക്കുതിരായുള്ള കുത്തിവയ്പ്പു് നടത്തുന്നതാണു് ബ്ലോക്കാഫീസിൽ കൂടുതൽ വിവരങ്ങളും അറിയുന്നതാണു്.

സുഡാനിലേയ്ക്കുള്ള കമ്പിക്കഥ

ന്യൂഡൽഹി, ഏപ്രിൽ 7

ഇന്ത്യയിൽനിന്നും സുഡാനിലേക്കുമുള്ള കമ്പിസന്ദേശങ്ങൾ ഇപ്പോൾ സാധാരണ ഗതിയിലായിട്ടുണ്ടെന്നു്. വിദേശവാർത്താവിനിമയസർവ്വീസ്സിന്റെ ഡയറക്ടർ ജനറലിനു് വിവരം ലഭിച്ചിരിക്കുന്നു.

....

കോഴിമുട്ട സംഭരണവും വിപണനവും

ആലപ്പുഴ, ഏപ്രിൽ 5

കോഴിമുട്ടകം സംഭരിക്കുന്നതിനും പരിപ്പുള്ള വിപണികളിൽ അവ വിറേറഴിക്കുന്നതിനുംവേണ്ടി ആസൂത്രണം ചെയ്യപ്പെടുത്തിക്കുമായിക്കൊണ്ടിരിക്കുന്ന സ്വീമിന്റെ സൂപ്പുണ്ടു്, സംസ്ഥാനത്തിനു പുറത്തുള്ള അനേകം കോഴിവളർത്തൽ കേന്ദ്രങ്ങളും, പൌൾട്ടറി റിസേർച്ചു് കേന്ദ്രങ്ങളും സന്ദർശിച്ച നേരിട്ടു പഠനം നടത്തിക്കഴിഞ്ഞിട്ടുള്ളതായി പ്രസ്തുത സ്വീമിന്റെ ഒരു പ്രവർത്തനറിപ്പോർട്ടിൽ പറയുന്നു. സ്വീമിനുവേണ്ടി കെട്ടിടങ്ങളുടെ പ്ലാനും മറേറും പൂർത്തിയായിരിക്കുന്നു ഫർണിച്ചർ മുതലായവ വാങ്ങുന്നതിനുള്ള നടപടികളും എഴുത്തുകഴിഞ്ഞിട്ടുണ്ടു്. ഈ സ്വീമിന്റെ നടത്തിപ്പിനായി 3 ലക്ഷം രൂപയാണു് വകയിരുത്തിയിട്ടുള്ളതു്.

സപ്ലേ

....

ചാലക്കുടി ബ്ലോക്കിൽ ഫർട്ടിലൈസർമാസം

ചാലക്കുടി, ഏപ്രിൽ 7

ചാലക്കുടി വികസനബ്ലോക്കിൽ ഇന്നുമുതൽ മേയ് 6–ാംതിയതിവരെ ഫർട്ടിലൈസർ മാസമായി ആചരിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീ പി. എസ് രവീന്ദ്രൻനായരുടെ അദ്ധ്യക്ഷതയിൽചേർന്ന ബ്ലോക്കതിതിയിൽപ്പെട്ട പഞ്ചായത്തു സഹകരണസംഘം പ്രസിഡണ്ടുമാരുടെ യോഗമാണു് ഈ തീരുമാനമെടുത്തതു്. വാർഡടിസ്ഥാനത്തിൽ ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തിലും രാസവള പ്രചരിപ്പിക്കുന്നതിനുള്ളപ്രചാരണപരിപാടികളാണു് ഈ മാസത്തിൽ നടത്തപ്പെടുക. ഈ പരിപാടി വിജയകരമാക്കുന്നതിനു് ബ്ലോക്കടിസ്ഥാനത്തിലുള്ളകമ്മിറിക്കും പ്രവർത്തിച്ചുവരുന്നു.

—

പരിശീലനത്തിനു് നിയോഗിച്ചു

ചാലക്കുടി, ഏപ്രിൽ 7

ചാലക്കുടി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീ. പി. എസ്സ്, രവീന്ദ്രൻനായരെ മൈസൂർ ഓറിയൻറേഷൻ ആൻറ് സ്റ്റഡി സെൻററിൽ മൂന്നു മാസത്തെ പരിശീലനത്തിനു് നിയോഗിച്ചിരിക്കുന്നു.

....

ക്രാഫ്റ്റ് അദ്ധ്യാപകരുടെ തസ്തിക നീട്ടി

തിരു: ഏപ്രിൽ 3

ഗവണ്മെണ്ടു് സ്കൂളുകളിൽ ജോലിനോക്കുന്ന 268 ലോവർഗ്രേഡ് ക്രാഫ്റ്റ്റ് അദ്ധ്യാപകരുടേയും, 236 ഹയർഗ്രേഡ് ക്രാഫ്റ്റ്റ് അദ്ധ്യാപകരുടേയും തസ്തിക 1–3–65 മുതൽ ഒരു കൊല്ലത്തേയ്ക്കു നീട്ടിക്കൊണ്ടു്, ഗവ: ഉത്തരവായി നിക്കുന്നതായി കേരളാ ഗവ: സ്റ്റാഫ് ക്രാഫ്റ്റ്റ് ഇൻസ്ട്രക്ടേഴ്സ് അസോസിയേഷൻ ജനറൽസെക്രട്ടറി വെൺപകൽ കൃഷ്ണൻകുട്ടിനായർ അറിയിക്കുന്നു.

(സപ്ലേ)

പരിശീലനത്തിനു മൈസൂരിലേയ്ക്കു്

പേഴ്പ്പ് ഏ. 7

പേഴ്പ്പ് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീ, ജെക്കബ്ബ്റ് സാമുവലിനെ മൈസൂരിലെ കാറിയൻറേഷൻ ആൻറ് സ്റ്റഡി സെൻററിൽ മൂന്നു മാസത്തെ പരിശീലനത്തിനു നിയോഗിച്ചിരിക്കുന്നു.

—

എൻ. സി. സി കേഡറുകളുടെ സൈക്കിൾ മോണിയൽ പരേഡ്

എറണാകുളം, ഏപ്രിൽ 8

ഇവിടെ പത്തു ദിവസത്തെ പരിശീലനക്യാമ്പിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന കേരള എൻ. സി. സി. നാവിക വിഭാഗത്തിലെ മൂന്നും അണ്ടർ ഘടകങ്ങളിലെ എൻ. സി. സി കേഡറുകൾ ഇന്നലെ രാവിലെ ദർബാർഹാൾ ഗ്രൗണ്ടിൽ ഒരു സൈക്കിൾമോണിയൽ പരേഡ് നടത്തുകയുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ പി. കെ. ഉമാശങ്കർ സല്യൂട്ട് സ്വീകരിച്ചു.

ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 18 ഹൈസ്കൂളുകളിൽ നിന്നു് 800–ഓളം കാഡറുകൾ പരേഡിൽ പങ്കെടുത്തിരുന്നു.

എൻ. സി. സി. ക്യാമ്പുകൾ ശിക്ഷണത്തോടുള്ള നല്ല പരമ്പരാഗതമായിത്തീരുവാൻ കാഡറുകൾക്കു് അവസരം നൽകണമെന്നു് ശ്രീ ഉമാശങ്കർ പ്രസ്താവിച്ചു. വളരെ സമർത്ഥമായും മുമ്പരക്കോടേയും പരേഡു് നടത്തിയതിനു് അദ്ദേഹം കാഡറുകളേയും ആഫീസർമാരേയും പ്രശംസിച്ചു.

ഏപ്രിൽ നാലാം തിയ്യതി ആരംഭിച്ച ക്യാമ്പു് പരേഡു്, സിമാൻഷിപ്പു്, സൈമഫോർ, വെടിവെപ്പു്, ബോട്ടു് ഡ്രയൽ എന്നീ വയിൽ കാഡറുകൾക്കു് അടിസ്ഥാന നാവിക പരിശീലനം നൽകിവരുന്നുണ്ടു്.

.....

നാവികനു് ധീരപ്രവൃത്തിക്കു് അശോകചക്രം

ന്യൂഡൽഹി ഏ. 8

ഇന്ത്യൻ നാവികസേനയിലെ ഏ ബിസീ സ്മാൻ തേജാസിംഗിനു് അശോകചക്ര മൂന്നാം ക്ലാസ് നൽകാൻ രാഷ്ട്രപതി അനുവദിച്ചിരിക്കുന്നു.

1964 ജനുവരി 13–ാംന- ഐ. എൻ. എസ്. മൈസൂരിൻറെ പ്രൊജക്ഷൻ റൂമിൽ തീപിടുത്തമുണ്ടായപ്പോൾ സ്വജീവനെ തൃണവൽഗണിച്ചുകൊണ്ടു് കപ്പൽ നാവികൻറെ ജീവനപായപ്പെടുത്തുകയിൽനിന്നു രക്ഷപ്പെടുത്തിയതിനാണു് തേജാസിംഗിനു് ധീരപ്രവൃത്തിക്കുള്ള അശോകചക്രം നൽകുന്നതു്.

—•—

ചൈനയുടെ ആഗോള ലക്ഷ്യങ്ങൾ അവഗണിക്കുന്നത് ആത്മഹത്യാപരം

★ബി. കെ. ആചാര്യ★

ഇന്ത്യയെ ആക്രമിച്ചതിനുശേഷം, ചൈന, ലോകം മുഴുവനും അടക്കിഭരിക്കാനുള്ള അതിന്റെ ആഗ്രഹങ്ങളും വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ടു്. സൈനികമായി ചൈന ഇന്ത്യ, നേപ്പാളം, ഭൂട്ടാൻ, സിക്കിം, ലാവോസ്, വിയറ്റ്നാം എന്നിവയേയും, നേരിട്ടല്ലാത്തനിലയിൽ മലയേഷ്യയേയും ഭീഷണിപ്പെടുത്തികൊണ്ടിരിക്കുന്നു. പ്രത്യയശാസ്ത്രപരമായി സോവിയറ്റ് യൂണിയനുമായി മത്സരത്തിലാണു്. നയതന്ത്രപരമായി അതു് പാക്കിസ്ഥാൻ കംബോഡിയ, ഇന്തോനേഷ്യ എന്നിവയുമായും ഏഷ്യ, ആഫ്റിക്ക, യൂറോപ്പു്, ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ മറേറ വിവിധ രാഷ്ട്രങ്ങളുമായും കൊഞ്ചിക്കുഴഞ്ഞുകൊണ്ടിരിക്കുകയാണു്. ഏഷ്യയിലും ആഫ്റിക്കയിലും ചൈന അമേരിക്കയെ എതിരിട്ടുകൊണ്ടിരിക്കുന്നു. അവിടങ്ങളിൽ അട്ടിമറിയും സ്വന്തം രീതിയിലുള്ള 'വിപ്ലവ'വും കുത്തിപ്പൊക്കുകയും ചെയ്യുന്നു.

ചൈന 1962 ഡിസംബറിൽ സ്വന്തം സൈന്യങ്ങളെ ഏകപക്ഷീയമായി പിൻവലിച്ചുവെന്നതിനു്, ആ രാജ്യത്തിന്റെ സൈന്യങ്ങളെ ഏകപക്ഷീയമായി പിൻവലിച്ചുവെന്നതിനു്, ആ രാജ്യത്തിന്റെ സൈനികമോ രാഷ്ട്രീയമോ ആയ ലക്ഷ്യങ്ങളിൽ എന്തെങ്കിലും മാറമുണ്ടായിട്ടുണ്ടു് എന്നതിനു് അണുവായുധ പരീക്ഷണ നിരോധന ഉടമ്പടിയെ പരാമർശിച്ചുകൊണ്ടു് ചൈനീസ് വിദേശകാര്യമന്ത്രി മാർഷൽ ചെൻയി ചെയ്ത പ്രസംഗത്തെന്നെ നല്ല തെളിവാണു്. ഇതാണു് അദ്ദേഹം പറഞ്ഞതു്: 'അണ്വായുധങ്ങളും നിർമ്മിക്കാൻ ധാരാളം പണച്ചെലവുണ്ടെന്നും ഒട്ടേറെ പേർക്കും തട്ടിക്കാൻ പണമില്ലാതെ വന്നുമെന്നുമാണു് കൃഷ്ച്ചേവു് പരിഹാസരൂപേണ പറഞ്ഞതു്. പക്ഷെ ചൻറകളിലെങ്കിലും ആധുനികമായ യുദ്ധോപകരണങ്ങളും നിർമ്മിക്കണമെന്നതാണു് എന്റെ ചിന്താഗതി. ഇത്തരം ചിന്താഗതിക്കാരായ ആളുകളും ഭരണംനടത്തുന്ന ചൈനയുടെ കയ്യിൽ അണുബോംബും വിജയകരമായി പൊട്ടിച്ചതിൽ അത്ഭുതപ്പെടാനെന്തെങ്കിലുമുണ്ടോ?

ഇന്ത്യയുടെ ലക്ഷ്യം സമാധാനം

ഇതും ഇന്ത്യയുടെ നയവുമായി ഒരു താരതമ്യ പഠനം നടത്തിനോക്കുക: അണുശാസ്ത്രത്തിൻറേയും സാങ്കേതിക വിദ്യയുടേയും കാര്യത്തിൽ ഇന്ത്യ ചൈനയേക്കാൾ മുന്നിലാണു്. നാലു അണുശക്തി രാഷ്ട്രങ്ങളും കഴിഞ്ഞാൽ കരുപ്പും ട്ടോണിയം പ്ലാൻറുള്ള ഏക രാജ്യം ഇന്ത്യയാണു്. ഇങ്ങനെ നോക്കുമ്പോൾ, ഇന്ത്യയ്ക്കു് ചൈനയേക്കാൾ എത്രയോ മുമ്പുതന്നെ ഒരു അണുബോംബുണ്ടാക്കാൻ കഴിയുമായിരുന്നുവെന്നു് കാണാവുന്നതാണു്. പക്ഷെ ഇന്ത്യ അണുശക്തി സമാധാനാവശ്യങ്ങൾക്കേ ഉപയോഗപ്പെടുത്തുകയുള്ളുവെന്ന പരേതനായ പ്രധാനമന്ത്രി മുമ്പുതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്.

ചൈന ബോംബു പൊട്ടിച്ചതിനുശേഷം ഇന്ത്യാ ഗവണ്മേണ്ടിന്റെ മേൽ ഇതു സംബന്ധിച്ചു വളരെയേറെ സമ്മർദ്ദങ്ങൾ ഉണ്ടായെങ്കിലും അണുശക്തി സമാധാനാവശ്യങ്ങൾക്കേ ഉപയോഗിക്കുകയുള്ളുവെന്നു, നേരത്തേയുള്ള, തീരുമാനം പ്രധാനമന്ത്രി ശ്രീ: ലാൽ ബഹദൂർ ശാസ്ത്രി ഒരിക്കൽകൂടി പ്രഖ്യാപിച്ചിട്ടുണ്ടു്.

ഭീഷണി ശ്രദ്ധിക്കാതിരുന്നുകൂടാ

ലോകസമാധാനം നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന ഒരു രാഷ്ട്രവും ചൈനയുടെ ആഗോള സമരവും അവഗണിച്ചുകൊണ്ടിരുന്നുകൂടാ. ചൈനയുടെ ലക്ഷ്യങ്ങളും രഹസ്യമോ മറച്ചുവെയ്ക്കുന്നതോ അല്ലതന്നെ. മാവോ സേതുങ്ങിനെപ്പോലുള്ളവരുടെ പ്രസംഗങ്ങളിലും കൃതികളിലും അവയെന്താണെന്നു് വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ടു്. 1930–40 കാലത്തു്, അഡോൾഫ് ഹിററ്ലർ ഏന്നൊരാൾ തൻറെ രാഷ്ട്രീയ പ്രമാണങ്ങൾ പ്രഖ്യാപിച്ചുകൊണ്ടു് "മീൻ കാംഫ്" എന്നൊരു പുസ്തകമെഴുതുകയുണ്ടായി. പുസ്തകത്തിലുള്ള കാര്യങ്ങളും അന്നാരും അതു കാര്യമായെടുത്തില്ല. രണ്ടാം ലോകമഹായുദ്ധമായിത്തന്നെ ഇതിൻറെ ഫലം. ഇത്തരത്തിൽപെട്ട മറെറാരു ഭീമബുദ്ധംകൂടി നാം ചൈയ്യേണ്ടതുണ്ടോ?

.....

സൈനിക് സ്കൂളുകളിലെ സ്കോളർഷിപ്പുകം

ന്യൂഡെൽഹി ഏ. 8

സൈനിക് സ്കൂളുകളിലെ വിദ്യാഭ്യാസത്തിനു് കേന്ദ്ര ഭരണ പ്രദേശങ്ങളിലെ കുട്ടികൾക്കു് ആണ്ടുതോറും 150 സ്കോളർഷിപ്പുകം നൽകാൻ ഇന്ത്യാഗവർമെണ്ടു് തീരുമാനിച്ചിരിക്കുന്നു. ആണ്ടിൽ 1900 ക. യാണു് സ്കോളർഷിപ്പിൻറെ മുഴുവൻ തുക. മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിൽ സൈനിക് സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ യോഗ്യതയും രക്ഷിതാക്കളുടെ സാമ്പത്തിക നിലയും നോക്കി സ്കോളർഷിപ്പുകം അനുവദിക്കപ്പെടും. നേപയിലെ ഗിരിവർഗ്ഗബാലന്മാരെ പ്രവേശനപരീക്ഷ പാസാക്കുന്നതിൽനിന്നു് രണ്ടുവർഷത്തേയ്ക്കു് ഒഴിവാക്കിയിട്ടുണ്ടു്.

പ്രതിമാസം 500 ക. യിലധികം വരുമാനമില്ലാത്ത രക്ഷിതാക്കളുടെ കുട്ടികൾക്കു് സ്കോളർഷിപ്പു തുക മുഴുവൻ ലഭിക്കും. കുടാതെ വസ്ത്രങ്ങൾക്കു് അലവൻസായി ആദ്യവർഷം 300 ക. യും തുടർന്നുള്ള വർഷങ്ങളിൽ 150 ക. യും, 501 ക. മുതൽ 750 ക. വരെ വരുമാനമുള്ള വരുടെ കുട്ടികൾക്കു് സ്കോളർഷിപ്പു തുകയുടെ മുക്കാൽ ഭാഗവും വസ്ത്ര അലവൻസും നൽകപ്പെടും. 751 മുതൽ 1000 ക. വരെ വരുമാനമുള്ളവർക്കു് പകുതി സ്കോളർഷിപ്പും 1001 മുതൽ 1200 ക. വരെ വരുമാനമുള്ളവർക്കു് കാൽ സ്കോളർഷിപ്പും ലഭിക്കുന്നതാണു്.

....

സൈനികരുടെ കുടുംബ പെൻഷൻ വേഗം നല്ലാൻ നടപടി

ന്യൂഡൽഹി, ഏ. 8

ജൂനിയർ കമ്മീഷൻഡ് ആഫീസർമാരുടെയും, മറെറ റാങ്കുകളിലുള്ളവരുടെയും, യുദ്ധം ചെയ്യാത്ത സൈനിക ജീവനക്കാരുടേയും കുടുംബപെൻഷൻ സംബന്ധിച്ചു ക്ലെയിമുകം പരിശോധനയ്ക്കു് ഭേദമായരുടെയും സാവികരുടെയും വൈമാനികരുടെയും ജില്ലാ ബോർഡുകം വഴി സിവിൽ അധികൃതക്കു് അയച്ചു കൊടുക്കേണ്ട ആവശ്യമില്ല. മറിച്ചു് ഈ ക്ലെയിമുകം നേരിട്ടു രാജ്യരക്ഷാ അക്കൌണ്ടസ് കൺട്രോളർക്കു് (പെൻഷൻ) അയച്ചു കൊടുക്കാം. അവകാശികളെക്കുറിച്ചു സംശയമോ തക്കമോ ഉള്ള അപേക്ഷകം മാത്രമേ അന്വേഷണത്തിനു് ബന്ധപ്പെട്ട റിക്രൂട്ടിംഗ് ആഫീസർക്കു് അയച്ചു കൊടുക്കേണ്ടതുള്ളു.

....

ബി. എസ്. എസ്. യോഗം

പറപ്പുക്കര, ഏ. 8

ഭാരത് സേവാ സമാജത്തിന്റെ ഒരു പൊതുയോഗപരപ്പുക്കര ഹൈസ്കൂൾ ഹാളിൽവെച്ചു് പറപ്പുക്കര പഞ്ചായത്തു് പ്രസിഡണ്ടു് എം. അപ്പുമേനോന്റെ അദ്ധ്യക്ഷതയിൽകൂടി ഇ. കെ. പൌലോസ് സെക്രട്ടറി മി. കൊണ്ണാളി ഇന്നു രാജ്ഭവനിൽവച്ചു് ഗവണ്ണർ ശ്രീ എ. പി. ജെയിനിനെ സന്ദർശിച്ചു് സംഭാഷണം നടത്തിയിരിക്കുന്നു.

കൊല്ലം കളക്ടർക്കു് അവധി

കൊല്ലം കളക്ടർ ശ്രീ: എം. എസ്. കെ. രാമസ്വാമിക്കു് ഏപ്രിൽ 3–ാംന- മുതൽ 25 ടിവസത്തെ അവധി അനുവദിച്ചിരിക്കുന്നു. ശ്രീ: രാമസ്വാമിയുടെ അഭാവത്തിൽ കളക്ടരുടെ പി. എ. (ജനറൽ)കളക്ടരുടെ ചാർജ്ജുകൂടി വഹിക്കുന്നതാണു്.

ഷോപ്പുകളിൽനിന്നു് ഒഴിവാക്കി

ബക്കറ്റിന്റും വിഷമും പ്രമാണിച്ചു് സംസ്ഥാനത്തെ ഷോപ്പുകളെ ഏപ്രിൽ 8–ാംന- മുതൽ 14–ാംന-വരെ മുവടേ ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൽനിന്നും ഒഴിവാക്കിക്കൊണ്ടു് ലേബർ കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത ആജ്ഞയിൽ ഒരു ദിവസത്തെ അവധി തൊഴിലാളികൾക്കു് നൽകണം. ഒരു തൊഴിലാളി ആ ആജ്ഞയിൽ 60 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യാൻ അനുവദിക്കാവുന്നതല്ല. 48 മണിക്കൂറിൽ കൂടുതലായി ചെയ്യുന്ന ജോലിക്കു കാവർക്കു വേതനം നൽകേണ്ടതാണു്.

വിദ്യാഭ്യാസ വകുപ്പ് നിയമനങ്ങൾ

ജില്ലാ എഡ്യൂക്കേഷനൽ ആഫീസർ മാരായ ശ്രീ: വി. നാണുക്കുട്ടൻനായരെ എഡ്യൂക്കേഷൻ ആഫീസറായും ശ്രീ: ഷാഹുൽഹമീദ്ഖാനെ സ്റ്റോറ് ഇൻസ്പക്ടർ ആഫ് എഡ്യൂക്കേഷനിൽ ടെക്സ്റ്റ് ബുക്സ് റിസർച്ച് ആഫീസറായും നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദു ചെയ്തിരിക്കുന്നു. പകരം സയൻസ് കൺസൾട്ടൻറ് ശ്രീ: ശിവശങ്കരൻനായരെ എഡ്യൂക്കേഷൻ ആഫീസറായും ഇരിഞ്ഞാലക്കുട ഡി. ഇ. ഒ. ശ്രീമതി സൂസൻ ഉമ്മനെ, ടെസ്റ്റ്ബുക്ക്സ് റിസർച്ച് ആഫീസറായും നിയമിച്ചിട്ടുണ്ടു്.

സിനിമാശാലകളിലെ ദേശീയഗാനാലാപം

രാജ്യ കൻപതുമണിക്കോ കൽപത്തമണിക്കോ ആരംഭിക്കുന്ന ഒരൊറ പ്രദർശനംമാത്രമുള്ള സിനിമാശാലകളിലും പ്രദർശനാന്ത്യത്തിൽ ദേശീയഗാനം ആലപിക്കപ്പെടേണ്ടതാണെന്ന നാഷണൽ ഡിഫൻസ് പബ്ലിക് റിലേഷൻസ് കമ്മിററിയുടെ ശുപാശ കേന്ദ്രഗവണ്മേണ്ടു് സ്വീകരിച്ചിരിക്കുന്നു.

ജൂനിയർ സാൻസ്ക്രിററ് പണ്ഡിറ്റർ

40–120 രൂപ്യയിലിൽ വിദ്യാഭ്യാസവകുപ്പിൽ ജൂനിയർ സാൻസ്ക്രിററ് പണ്ഡിറ്റർമാരായി നിയമനത്തിനു് അപേക്ഷ അയയ്ക്കേണ്ട അവസാനതീയതി മെയ് പതിനൊന്നാണു്. വിശദവിവരങ്ങളും ഇയ്യാഫ്യയിലെ ഗസറിലുണ്ടു്.

.....

കണ്ണീർ നനഞ്ഞ കത്തു്

കണ്ണൂർ—ഏപ്രിൽ 30–ാംന-ക്കകം തൻറെ സങ്കടത്തിനു ഒരു നിവാരണമുണ്ടാക്കുന്നില്ലെങ്കിൽ താൻ കടുംബത്തോടെ ആത്മഹത്യ ചെയ്യുമെന്നു കാണിച്ചു് സംസ്ഥാനഗവണ്മെണ്ടിനു കണ്ണൂർ ജില്ലയിലെ തളിപ്പറമ്പു് താലൂക്കിൽ വെള്ളൂരംശം ദേശത്തു് പെരിയാടൻ കടിഞ്ഞപ്പള്ളി തമ്പായി എന്ന വിധവ കത്തയച്ചിരിക്കുന്നു. ഈ തമ്പായി എന്ന വിധവ 8 മക്കളുടെ മാതാവാണു്. അവരുടെ ഭർത്താവ് സി. കെ. ചന്തൻമാസ്റ്റർ തൃക്കരിപ്പൂർ വെൽഫേർ സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു. 1963 ഏപ്രിലിൽ അദ്ദേഹം മരണമട

നേവിയുടെയുദ്ധാഭിനയ സംഘം ബോംബെയ്ക്കു് നീങ്ങുന്നു

അറബിക്കടലിൽ കപ്പൽ പടകൾ തമ്മിൽ ഉഗ്രസംഘട്ടനം

ന്യൂഡൽഹി, ഏ 8

ഐ. എൻ. എസ്സ്. വിക്രാന്തിലെ ജററ് യുദ്ധവിമാനങ്ങളുടെ സഹായത്തോടെ ഇന്ത്യൻ നാവികസേനയുടെ കപ്പലുകൾ, ഇന്നലെരാത്രി കൊച്ചി തീരത്തിനടുത്തുവച്ച് "ശത്രു"വിൻെറ അന്തർവാഹിനികളും ക്രൂയിസറുകളുമായി ആവേശജനകമായ ഒരു യുദ്ധാഭിനയം നടത്തുകയുണ്ടായി.

പതാകക്കപ്പലായ 'വിക്രാന്തി'ൽനിന്ന് നാവികസേനാ മേധാവി വൈസ്-അഡ്മിറൽ ബി. എസ്സ്. സോമൻ ഈ അഭ്യാസപ്രകടനങ്ങൾക്ക് നേതൃത്വം നൽകി.

കൊച്ചിയിൽനിന്നു ബോംബെയിൽ ഒരു കപ്പൽ സമൂഹത്തെ സുരക്ഷിതമായി എത്തിക്കുന്ന ചുമതല ഏററിട്ടുള്ള ജററ് വിമാനങ്ങൾ ആദ്യംതന്നെ 'ശത്രു'വിൻെറ മുങ്ങിക്കപ്പലുകൾ കണ്ടുപിടിക്കാൻ തീരത്ത് നിരീക്ഷണം നടത്തി. കപ്പലുകളെ നശിപ്പിച്ച് കണ്ണൂർ കടൽപ്പുറത്ത് ഭടന്മാരെ ഇറക്കുകയാണ് 'ശത്രു'വിൻെറ ഉദ്ദേശ്യമെന്നായിരുന്നു സങ്കല്പം.

'ശത്രു'വിനെ കണ്ടെത്തിയ ഉടനെ, ലഫ്: കമാണ്ടർ ആർ. വി. സിങ്ങിൻെറ നേതൃത്വത്തിൽ സീഹോക്ക് വിമാനങ്ങൾ വിക്രാന്തിൽ നിന്ന് പുറപ്പെടുകയും 'ശത്രു'വിൻെറ മേൽ ബോംബു വർഷിക്കുകയും ചെയ്തു. മുങ്ങിക്കപ്പൽ നശീകരണ ഫ്രിഗേററുകളും ഓടിയടുത്ത് ആക്രമണം നടത്തി.

കപ്പൽ സമൂഹത്തെ ആക്രമിക്കാനും കരയിൽ ഭടന്മാരെ ഇറക്കാനും ശ്രമിച്ച 'ശത്രു'വിൻെറ ക്രൂയിസറിനെ നമ്മുടെ നശീകരണക്കപ്പലിൻെറ വെടികൊള്ളിക്കാനും കേടുപാടുകൾ വരുത്താനുമുള്ള യത്നത്തിൽ ജററ് വിമാനങ്ങൾവേണ്ട പിന്തുണനൽകി.

ഫ്രിഗേററുകളുടെയും നശീകരണികളുടേയും സീഹോക്കുകളുടേയും സംരക്ഷണത്തിൽ കപ്പൽസമൂഹം ബോംബെയ്ക്കു യാത്ര തുടർന്നു.

മെയ്ക്തില ദിനം

ന്യൂഡൽഹി, ഏ. 8

രണ്ടു ദശകങ്ങൾക്കുമുമ്പ് ബർമ്മയിൽ നടന്ന മെയ്ക്തില യുദ്ധം ഈയിടെ ഉത്തര പ്രദേശിലെ ലളിത്പൂരിലും പഞ്ചാബിലെ അമൃതസരസ്സിലും അംബാലയിലും അനുസ്മരിക്കപ്പെടുകയുണ്ടായി. 16-ാം കാവൽറിയും ഒരു ആർട്ടിലറി റെജിമെൻറും ബ്രിഗേഡിയേഴ്സിൻെറ ഒരു ബററാലിയനും ഈ യുദ്ധത്തിൽ പ്രമുഖപങ്ക് വഹിച്ചിരുന്നു.

യൂണിവേഴ്സൽ സ്പോർട്ട്സ് ആൻറ് ആർട്ട്സ്

കരമ്പിലാവ്, ഏ. 6

കരമ്പിലാവ് യൂണിവേഴ്സൽസ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബിൻെറ വാർഷികപൊതുയോഗം പി. കെ ലത്തീഫിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. അടുത്തവർഷത്തെ ഭാരവാഹികളായി ജെ. ബി. മുററത്ത് [പ്രസിഡൻറ്] ഐ. ഡി. ഫ്രാൻസിസ് (സെക്രട്ടറി) ആൻേറാ ജോൺ (ട്രഷറർ) എന്നിവരെതെരഞ്ഞെടുത്തു.

ചാഴൂർ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തിയ സ്പോർട്ട്സിൽ ഏററവും കൂടുതൽപോയിൻറുകൾനേടി ചാമ്പ്യൻഷിപ്പുകരസ്ഥമാക്കിയതും യൂണിവേഴ്സൽസ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബാണ്.

കൊല്ലം ഡി. റിട്ടെയിൽ മർച്ചൻറ്സ് അസോസിയേഷൻ

കൊല്ലം, ഏ. 8

കൊല്ലം ഡിസ്ട്രിക്ട് റീട്ടെയിൽ മർച്ചൻറ്സ് അസോസിയേഷൻെറ എല്ലാ അംഗങ്ങളുടെയും വിശിഷ്യ താലൂക്ക് പഞ്ചായത്ത് മററ ഇതര സഹോദര സംഘടനാ പ്രതിനിധികളുടെയും ഒരു അടിയന്തിരയോഗം അടുത്തഞായറാഴ്ച രാവിലെ കൃത്യം 10 മണിക്ക് കൊല്ലം മെയിൻറോഡിലുള്ള ഹോട്ടൽ മെട്രോയിൽവച്ച് സ്ഥിരംപ്രസിഡണ്ട് ശ്രീ. കെ. സി. തങ്കപ്പൻപിള്ള ബി. എസ്സ്. സി ബി. എൽ-ൻെറ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്.

ഉലകേ മായം

സ്വ ലേ മട്ടാഞ്ചേരി, ഏ. 7

മട്ടാഞ്ചേരി മുനിസിപ്പാൽ ഹെൽത്ത് ഇൻസ്പെക്ടർ പി. കെ ജോൺ ചാർജ്ജ് ചെയ്ത കേസുകളിൽ താഴെപറയുന്നവർക്ക് പിഴയും ജയിൽവാസവും എറണാകുളം അഡീഷണൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് വിധിച്ചിരിക്കുന്നു.

കരിപ്പാലത്തിന് തെക്ക്വശമുള്ള സി. ബി. സേവ്യറിന്ന് പാലിൽ വെള്ളംചേർത്തു വിററതിന്ന് രണ്ടുകേസുകളിലായി 4000 ക യും രണ്ടുവർഷത്തെ കഠിനതടവും വിധിച്ചു. പള്ളുരുത്തിയിൽ താമസിക്കുന്ന വി. വിശ്വനാഥൻ എന്നാൾക്ക പാലിൽ മായംചേർത്തതിന്ന് 500 ക പിഴയും 6 മാസത്തെ കഠിനതടവും സ്റ്റാർടാക്കീസിന്നു സമീപം പലചരക്ക് കച്ചവടം നടത്തുന്ന അബുവിന്നും അദ്ദേഹത്തിൻെറ ശമ്പളക്കാരൻ അബ്ദുൽഹമീദിനും കൂടി 120 ക പിഴയും വിധിച്ചു.

ചെറളായിൽ രങ്കസ്വാമിചെട്ടിയാർക്കും ശമ്പളക്കാരനും 60 ക പിഴ വിധിച്ചു. അവിടെ തന്നെതാമസിക്കുന്ന പഴനിസ്വാമിചെട്ടിയാർക്ക് 100 ക യും ശമ്പളക്കാരൻ ഗോപാലന് 60 ക യും പിഴ വിധിച്ചു.

വെള്ളിയാഴ്ച കട തുറക്കരുത്

[സ്വ. ലേ,] മട്ടാഞ്ചേരി ഏ. 7

അരിവിതരണം എല്ലാ ഞായറാഴ്ചയും നടത്തുകയും വെള്ളിയാഴ്ചതോറും കഴിവുദിനമായി കണക്കാക്കുകയും ചെയ്യണമെന്നു കൊച്ചി താലൂക്ക് റേഷനിങ്ങ് ആഫീസർ ടി. കെ. കുമാരൻ മുനിസിപ്പാൽ അതിർത്തിയിലെ റേഷൻകടക്കാരോട് ആവശ്യപ്പെട്ടിരിക്കുന്നു.

എല്ലാ തിങ്കളാഴ്ചയും അരിവിതരണം ആരംഭിക്കുകയും ഞായറാഴ്ച കഴിവുദിനമായി കണക്കാക്കുകയും വേണമെന്നായിരുന്നു ആദ്യം നടപ്പാക്കിയിരുന്ന നിർദ്ദേശം. ഇതു് മാററികൊണ്ടു് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു റേഷൻ ഉടമസ്ഥന്മാർ പാലിക്കാത്തതിനെ തുടർന്നാണ് ഈ പ്രത്യേക അറിയിപ്പു പുറപ്പെടുവിച്ചിരിക്കുന്നതു്.

അനാഥശിശുവിൻെറ മൃതദേഹം

പരിയാരം, ഏ 8

പരിയാരം പഞ്ചായത്തിൽ കാഞ്ഞിരപ്പിള്ളി ദേശത്ത് മുനിപ്പാറ എന്ന സ്ഥലത്തുനിന്ന് മരിച്ച നിലയിൽ ഒരനാഥശിശുവിനെ കണ്ടുകിട്ടിയിരിക്കുന്നു. പ

ക്ഷിഞ്ചാന എന്ന ഒരു സ്ത്രീയാണത്രെ ഈ കുട്ടിയുടെ മാതാവ്. നാട്ടുകാർ പോലീസിൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്.

ഏതാനും വ്യവസ്ഥകൾക്ക് വിധേയമായി പ്രക്ഷോഭണവുമായി സഹകരിക്കാം

ഇ. എം. എസിനു് നെടുഞ്ചെഴിയൻെറ മറുപടി- ചഗ്ലയുടെ തട്ടിപ്പുകൊണ്ടൊന്നും തമിഴരുടെ കണ്ണിൽ പൊടിയിടാൻ പററില്ലെന്നു്

മദ്രാസ്, ഏപ്രിൽ 7

പ്രതിരോധതടങ്കൽ നിയമപ്രകാരം ജയിലറകൾക്കുള്ളിലാക്കപ്പെട്ടിട്ടുള്ള ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകളെ മോചിപ്പിക്കാൻവേണ്ടി രാജ്യവ്യാപകമായി ഇടതു് കമ്മ്യൂണിസ്റ്റുകൾ നടത്താനുദ്ദേശിക്കുന്ന സമരപരിപാടികൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പിന്തുണ നൽകാൻ ദ്രാവിഡമുന്നേററകഴകം തീരുമാനിച്ചിരിക്കുന്നതായി വിശ്വസനീയമായറിയുന്നു.

തങ്ങളുടെ വ്യവസ്ഥകൾ എല്ലാംതന്നെ അംഗീകരിച്ചെങ്കിൽ മാത്രമേ ഇത്തരമൊരു പിന്തുണ പ്രാബല്യത്തിൽ വരികയുള്ളു എന്ന കാര്യത്തിൽ കഴകം നേതാക്കൾ ഉറച്ചുനിൽക്കുകയാണ് ചെയ്യുന്നതു്.

തങ്ങൾ നടത്തുന്ന ബഹുജനപ്രക്ഷോഭണത്തിന് രാജ്യത്തെ എല്ലാ ജനാധിപത്യപ്രതിപക്ഷകക്ഷികളും പിന്തുണ നൽകണമെന്നുള്ള സ: ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ അഭ്യർത്ഥനയെക്കുറിച്ചുള്ള പ്രതികരണം എന്തു് എന്ന യു. പി. എസ്. പ്രതിനിധിയുടെ ചോദ്യത്തിന് മറുപടി പറയുമ്പോഴാണ് ഡി. എം. കെ. നേതാവു് ശ്രീ. നെടുഞ്ചെഴിയൻ ഇങ്ങനെ പ്രസ്താവിച്ചതു്.

അഭ്യന്തരമന്ത്രി നന്ദ ഇടതു് കമ്മ്യൂണിസ്റ്റുകൾക്കെതിരായി ഉന്നയിച്ചിട്ടുള്ള എല്ലാ ആരോപണങ്ങളേയും നിഷേധിക്കുകയും കമ്മ്യൂണിസ്റ്റ് ചൈനയെ യാതൊരു കാരണവശാലും സഹായിക്കയില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കയും ചെയ്യുമെങ്കിൽ മാത്രമേ ഇത്തരമൊരു പിന്തുണക്ക് ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകൾക്കർഹതയുള്ളു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇടതു് കമ്മ്യൂണിസ്റ്റുകളുടെ ഈരാജ്യത്തെഏററവും ഉയർന്നഎക്സിക്യൂട്ടീവ് ഘടകംചൈനയുടെഇന്ത്യാനാക്രമണത്തെഅപലപിക്കുകൂടി ചെയ്യേണ്ടതാണെന്നദ്ദേഹം ആവശ്യപ്പെട്ടു.

ഇത്രയുമൊക്കെ ചെയ്തതിനുശേഷവും കേന്ദ്രഗവമ്മെൻറതടങ്കൽതടവുകാരെവിടുവാൻ വിസമ്മതിക്കുന്നു എങ്കിൽ അതിനെതിരായി ഇടതു് കമ്മ്യൂണിസ്റ്റുകൾ നടത്തുന്ന ഏതൊരു സമരപരിപാടിയേയും തങ്ങൾ സർവ്വാത്മനാ സഹായിക്കുന്നതായിരിക്കുമെന്നു ശ്രീ. നെടുഞ്ചെഴിയൻ ഉറപ്പിച്ചുപറഞ്ഞു.

തെന്നിന്ത്യയിലെ ഹിന്ദി പ്രക്ഷോഭണത്തെ അക്രമത്തിൻെറ വഴിയിലേക്ക് തിരിച്ചുവിട്ടതിൻെറ ഉത്തരവാദിത്വം ഡി. എം. കെ. യ്ക്കാണെന്ന് ജനസംഘത്തിൻെറ വർക്കിംഗ് കമ്മററി ഈയിടെ നടത്തിയ ആരോപണത്തെ ശ്രീ. നെടുഞ്ചെഴിയൻ ശക്തിയായി അപലപിച്ചു. കഴിഞ്ഞ 15 മാസത്തിലധികമായി തമിഴ്നാട്ടിലെ നൂറിലധികം പട്ടണങ്ങളിൽ തികച്ചും സമാധാനപരമായ രീതിയിൽ തങ്ങൾ ഹിന്ദിവിരുദ്ധപ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കയായിരുന്നെന്നും 1,500-ലധികം പാർട്ടിപ്രവർത്തകർ ഇതു സംബന്ധിച്ച് അറസ്റ്റുചെയ്യപ്പെടുകയുണ്ടായി എന്നും എന്നാൽ തങ്ങൾ അക്രമമാർഗ്ഗം അവലംബിച്ചതിൻെറ ഒററ ഉദാഹരണംപോലും ചൂണ്ടിക്കാണിക്കാൻ ആർക്കും കഴിയുകയില്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ഗവമ്മെൻറിൻെറ കുററകരമായ അനാസ്ഥ, മുഖ്യമന്ത്രി ഭക്തവത്സലത്തിൻെറ മനോഭാവം, പോലീസ്സിൻെറ അടിച്ചമർത്തൽനയം എന്നിവയാണ് തമിഴ്നാട്ടിലെ സ്ഥിതിഗതികളെ ഗുരുതരമാക്കിത്തീർത്തതെന്നദ്ദേഹം ആരോപിച്ചു.

കേന്ദ്രമന്ത്രി ശ്രീ. ചഗ്ല, അഹിന്ദിപ്രദേശങ്ങളിലെ ജനങ്ങളുടെ എല്ലാ ആശങ്കകളും തുടച്ചുനീക്കപ്പെടുമെന്ന് മദ്രാസിൽ വച്ചുനടത്തിയ പ്രസ്താവനകളെപ്പരാമർശിച്ച് ശ്രീ. നെടുഞ്ചെഴിയൻ പറഞ്ഞതു്, "ഇതൊക്കെ വെറും തട്ടിപ്പാണ്, ഇതുകൊണ്ടൊന്നും അഹിന്ദിപ്രദേശങ്ങളിലെ ആളുകളുടെ കണ്ണിൽ പൊടിയിടാൻ സാദ്ധ്യമല്ല", എന്നാണ്. ശ്രീ. ചഗ്ല സ്വന്തം നിലയിൽ നല്കുന്ന ഇത്തരം വാഗ്ദാനങ്ങൾക്ക് അർത്ഥമില്ലെന്നും പ്രധാനമന്ത്രി ശാസ്ത്രിയിൽനിന്നാണ് ഇത്തരം ഉറപ്പുകൾ ലഭിക്കേണ്ടതെന്നുമദ്ദേഹം അഭിപ്രായപ്പെട്ടു.

സേലം ഡിസ്ട്രിക്ടിലെ ധർമ്മപുരി നിയോജകമണ്ഡലത്തിൽനിന്നും സംസ്ഥാന അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഡി. എം. കെ. സ്ഥാനാർത്ഥി വിജയം വരിക്കുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നു മറെറാരു ചോദ്യത്തിന് ഉത്തരമായി ശ്രീ. നെടുഞ്ചെഴിയൻ യു. പി. എസ്. പ്രതിനിധിയോട് പറഞ്ഞു.

(യു. പി. എസ്,)

കള്ളൻ! കള്ളൻ!!

കണ്ടശ്ശാംകടവ്, ഏ. 7

ഇവിടത്തെ ഒരു പറമ്പിൽ തേങ്ങ കളവു് നടത്തിയ കള്ളനെ ധാർമ്മികരോഷം സഹിക്കാതെ അടിക്കാൻ ഓങ്ങിയ ഒരാൾ, കള്ളൻ തൻെറ അനിയനാണെന്ന് തിരിച്ചറിഞ്ഞപ്പോൾ വിഷണ്ണനായി തലയൂരിയ ഒരു സംഭവം റിപ്പോർട്ടു ചെയ്യപ്പെടുന്നു.

കാറമുക്കിലുള്ള പള്ളിക്കുന്നത്തു് ജേക്കബ്വൈദ്യരുടെ വളപ്പിലാണ് ഈ സംഭവം ഉണ്ടായതു്. തേങ്ങമോഷ്ടിക്കാൻ പതിനെട്ടുവയസ്സുള്ള ഒരു കൊച്ചുകള്ളൻ ഇന്നലെ രാത്രി ഒരു വിഫലശ്രമം നടത്തി. തെങ്ങിൽകയറി തേങ്ങാകുല വെട്ടിയിറക്കുന്നതിനിടയിൽ കയർ പൊട്ടി കുല താഴെവീഴുകയും ആ ശബ്ദംകേട്ട് അടുത്തുള്ള വീട്ടുകാർ ഓടിക്കൂടുകയും ചെയ്തതിനാലാണ് ആ ശ്രമം നടക്കാതെപോയതു്. ശബ്ദംകേട്ട് ആളുകൾ ഓടിക്കൂടിയപ്പോൾ അടുത്തൊന്നും ആരേയും കണ്ടില്ല. അവർനിരാശരായി മടങ്ങി. പിന്നേയും ശബ്ദംകേട്ടു. ആളുകൾക്ക് സംശയമായി അവർ പിന്നേയും വന്നു. തകൃതിയായി പരിശോധനനടത്തി. അപ്പോൾതെങ്ങിൻതലപ്പിൽ ഒരാൾ ഒളിച്ചിരിക്കുന്നതു് മനസ്സിലാക്കാൻകഴിഞ്ഞു. ഏറെ പണിപ്പെട്ടതിനുശേഷം ആളുകൾ അവനെ 'നല്ലവാക്ക്'പറഞ്ഞ് താഴെയിറക്കി. നല്ല ഇരുട്ടാണ്. ആളെ നല്ലവണ്ണംതിരിച്ചറിയില്ല ധാർമ്മികരോഷംപൂണ്ട ഒരു ചെത്തുകാരൻ ഉടനെ കള്ളനു് 'നാല്'കൊടുക്കാൻകൈചുരുട്ടി ആഞ്ഞെടുത്തു. പക്ഷെഒരുനേരിയ പ്രകാശത്തിൽ ആളെ തിരിച്ചറിഞ്ഞു. അതെ താനും അയൽവാസികളുംചേർന്ന് വേട്ടയാടിപ്പിടിച്ച 'ഇര' സ്വന്തം അനുജനായ വംശംഭരനാണെന്ന്. അതോടെ ശിക്ഷിക്കാൻ വന്നവർ പലരുംകള്ളനെ രക്ഷിക്കാനുള്ള ശ്രമത്തിലായി. അവസാനം ആളെ വെറുതെവിട്ടയക്കുവാൻ ആളുകൾ നിർബ്ബന്ധിതരാവുകയുംചെയ്തു. എന്നാൽ കൂട്ടത്തിൽ പലരും എതിർപ്പ് പ്രകടിപ്പിച്ചു. ഇത്തരംസംഭവങ്ങൾ ഒതുക്കിതീർക്കുന്നതു് ആശാസ്യമല്ലെന്ന് ഒരു തെങ്ങുകയററ തൊഴിലാളിയായ കുഞ്ഞയ്യപ്പൻ വിളിച്ചുപറഞ്ഞു. മോഷ്ടാവിൻെറ സഹോദരനായ ചെത്തുകാരനു് ഇതു രസിച്ചില്ല. ആളുകൾ ഒഴിഞ്ഞതരംനോക്കി അയാൾ തിരികെ വന്നു് വീട്ടിലേക്ക് നടന്നുപോവുകയായിരുന്ന കുഞ്ഞയ്യപ്പനെപിടിച്ചു് മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയുംചെയ്തു. മർദ്ദനമേററയാൾ അധികൃതകേന്ദ്രങ്ങളിൽ പരാതിബോധിപ്പിച്ചതായി അറിയുന്നു. തേങ്ങാകള്ളൻ ഇപ്പോൾ സ്ഥലം വിട്ടിരിക്കയാണ്.

72ൽ കേന്ദ്രം കോൺഗ്രസ്സ് നേതൃത്വം കണികാണില്ല

67-ൽ തന്നെ നാലഞ്ചു സംസ്ഥാനങ്ങൾ "അന്യന്മാർ" കൈവശപ്പെടുത്തുമെന്ന കാര്യം താൻ "എഴുതിവച്ചതാ"ണെന്നു് ഇ. എം. എസ്സ്.

തിരുവനന്തപുരം, ഏ 7

1967-ൽ അഖിലേന്ത്യാ പൊതുതിരഞ്ഞെടുപ്പിൽ നാലഞ്ചു സംസ്ഥാനത്തെങ്കിലും കോൺഗ്രസ്സ് തോററു തൊപ്പിയിടുമെന്ന കാര്യം താൻ ഇപ്പോൾതന്നെ 'എഴുതിവച്ചതാ'ണെന്ന് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ പ്രസ്താവിച്ചിരിക്കുന്നു.

1967-ലില്ലെങ്കിൽ 1972-ലെങ്കിലും കേന്ദ്ര ഗവണ്മെണ്ടിൻെറ നിയന്ത്രണവും കോൺഗ്രസ്സിനില്ലാതാകും എന്നദ്ദേഹം അവകാശപ്പെട്ടു.

ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മററിടതുപക്ഷ പാർട്ടികളുടേയും സംയുക്താഭിമുഖ്യത്തിൽ 'പ്രതിഷേധദിനം' പ്രമാണിച്ച് ഇന്നലെ രാത്രി പഴവങ്ങാടി മൈതാനത്തു കൂടിയ ഒരു യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു ശ്രീ നമ്പൂതിരിപ്പാട്.

കേരളത്തിൽ തൻെറ പാർട്ടി മററുള്ളവരുടെ പിന്തുണവാങ്ങിയോ മററുള്ളവർക്ക് പിന്തുണ നൽകിയോ ഒരു ഗവമ്മെണ്ട് രൂപീകരിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നാരായുന്നതിന് പൂർണ്ണമായ സ്വാതന്ത്ര്യവും അവസരവും കേന്ദ്ര ഗവണ്മെണ്ട് നൽകിയില്ലെന്നദ്ദേഹം കുററപ്പെടുത്തി. അങ്ങനെ അവസരം നൽകാതെ പ്രസിഡണ്ടുഭരണം ഏർപ്പെടുത്തിയതു് സ്വേച്ഛാധിപത്യമാണെന്നദ്ദേഹം പറഞ്ഞു. അദ്ദേഹം തുടർന്നു:- സ്വേച്ഛാധിപത്യം, മനുഷ്യരക്തം രുചിക്കാനിടയായ പുലിയെപ്പോലെയാണ്. ഒരിക്കൽ ജനാധിപത്യം ധ്വംസിച്ച് സ്വാദറിഞ്ഞാൽ പിന്നെ കിട്ടുന്ന തക്കം മുഴുവൻ അതിനുവേണ്ടി ഉപയോഗിക്കും.

ഡെററിന്യൂകളെ കോടതിയിൽ ഹാജരാക്കണം

ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് തടങ്കൽ തടവുകാരെ കോടതിയിൽ ഹാജരാക്കി, അവർക്കെതിരായി ഉന്നയിക്കപ്പെട്ട കുററങ്ങളുടെ ഒരു ശതമാനമെങ്കിലും ശരിയാണെന്ന് തെളിയിച്ചാൽ അവരെ വെടിവച്ചുകൊല്ലുന്നതിന് താൻ എതിരല്ലെന്ന് ശ്രീ നമ്പൂതിരിപ്പാട് പറഞ്ഞു. തൻെറ പാർട്ടിയെക്കുറിച്ച് ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ ശരിയാണെന്ന് തെളിയിച്ചാൽ താൻ പാർട്ടിയിൽനിന്ന് രാജിവക്കാൻ സന്നദ്ധനാണ്. അദ്ദേഹം തുടർന്നു:- പക്ഷെ ഒരു വ്യവസ്ഥകൂടിയുണ്ട്. 'ആ ആരോപണം തെളിയിച്ചില്ലെങ്കിൽ, അതു് ഉന്നയിക്കുന്നവരും മററുള്ളവരും അവരുടെ സ്ഥാനങ്ങൾ രാജിവച്ചൊഴിയുക കൂടിവേണം'.

ഈ തിരഞ്ഞെടുപ്പിനെ തുടർന്ന് കേരളത്തിൽ, ഇടതുകമ്മ്യൂണിസ്റ്റുകാർക്കെതിരെ കൈക്കൊണ്ട നിലപാട് അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് തോൽക്കുന്ന സംസ്ഥാനങ്ങളിൽ മററു പാർട്ടികൾക്കെതിരെയും കൈക്കൊള്ളുകയില്ല എന്നതിന് എന്താണുറപ്പെന്ന് ശ്രീ നമ്പൂതിരിപ്പാട് ചോദിച്ചു.

കേരളത്തിൽ പ്രസിഡണ്ടുഭരണമടിച്ചേൽപ്പിച്ചതിനും, തടങ്കൽ തടവുകാരെ വിട്ടയക്കാതിരിക്കുന്നതിനും എതിരേയുള്ളപ്രതിഷേധപ്രകടനത്തിന് സംസ്ഥാനത്തെ അഞ്ചു് ഇടതുപക്ഷ പാർട്ടികൾ യോജിച്ചുണ്ടാക്കിയിട്ടുള്ള ഇന്നത്തെ ഐക്യം വിപുലമാക്കി ശക്തിപ്പെടുത്തി മുന്നോട്ടുപോകണമെന്ന് ശ്രീ ഇ. എം. എസ്. അഭിപ്രായപ്പെട്ടു. ഇങ്ങനെ ഒരൈക്യം ഇവിടത്തെ നന്ദ-ശാസ്ത്രി ശിഷ്യന്മാരെ വിഷമിപ്പിക്കുന്നുണ്ടെന്നും അതാണ് അതിനെതിരെ ചില നേതാക്കളും പത്രങ്ങളും പ്രചരണം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

6 വയസ്സുള്ള കുട്ടിയുടെ മൂക്കിൽ 6 ഇഞ്ചുള്ള അട്ട

[സ്വ. ലേ] വെള്ളത്തൂവൽ ഏ. 7

ഇവിടെ അടുത്തു താമസക്കാരനായ കോശി എന്നയാളിൻെറ 6 വയസ്സായ ഒരു കുട്ടിയെ തലവേദനയും മൂക്കിൽ നിന്നും രക്തമൊലിപ്പുമായി ചികിത്സയ്ക്കുവേണ്ടി സ്ഥലത്തെ യൂനാനി ആസ്പത്രിയിൽ കൊണ്ടുവരികയും 'കഹഫുൽവജ്ജ്' എന്ന യൂനാനി ഔഷധ പ്രയോഗത്താൽ 6 ഇഞ്ച് നീളമുള്ള ഒരു അട്ടയെ ജീവനോടെ മൂക്കിൽ നിന്നും പുറത്തെടുത്തതോടെ അസുഖങ്ങൾ പൂർണ്ണമായും സുഖപ്പെടുകയുംചെയ്തു.

സൂര്യപ്രകാശം ശരിക്ക് ഏൽക്കാത്ത വെള്ളത്തിൽ മുങ്ങിക്കുളിക്കുകകൊണ്ടു് മൂക്കിൽ കയറികൂടിയതാണ് മേൽപറയപ്പെട്ട അട്ടയെന്നും, എത്രനാൾ വേണമെങ്കിലും രക്തം കുടിച്ചുകൊണ്ട് മൂക്കിൽതന്നെ ജീവിക്കുവാൻ കഴിവുള്ള ഒരു ജീവിയാണിതെന്നുമാണ്. ഡോ: എസ്. അരമംഗലത്തിൻെറ അഭിപ്രായം.

പ്രതിരോധസ്ഥാപനങ്ങളിലെ ഒഴിവുകളിൽ 50ശ. വിമുക്തഭടന്മാർക്ക് നല്കണം

34,000 പേക്ക് ജോലിനല്കി-കരസേനയിൽനിന്ന് പിരിഞ്ഞുപോരുന്നവക്ക് 2 മാസത്തെ തൊഴിൽപരിശീലനം

ന്യൂഡെൽഹി, ഏ. 8

കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് ഗവമ്മെണ്ട് 194 മുൻ ആഫീസർമാക്കുൾപ്പെടെ 34,000ത്തിൽപരം വിമുക്തഭടന്മാക്ക് ജോലി നേടിക്കൊടുത്തിട്ടുണ്ട്. ഏകദേശം 2,700 പേക്ക് സ്വകാര്യമേഖലയിലാണ് തൊഴിൽ സമ്പാദിച്ചുകൊടുത്തിട്ടുള്ളതു്. 1964-ൽ 9000-ത്തോളം വിമുക്തഭടന്മാക്ക് ഉദ്യോഗം നൽകപ്പെട്ടു.

കരസേനയിൽനിന്നു പിരിച്ചുവിടാറാകുന്ന സാധാരണ പട്ടാളക്കാക്ക് തിരഞ്ഞെടുത്ത ഏതാനും തൊഴിലുകളുമായി ബന്ധപ്പെട്ട വ്യവസായ പ്രവത്തനങ്ങളിൽ രണ്ടുമാസത്തെ പരിശീലനം നൽകുന്നതിന് കേന്ദ്രതൊഴിൽ വകുപ്പുമായി ആലോചിച്ച് രാജ്യരക്ഷാവകുപ്പ് ഒരു പദ്ധതി തയ്യാറാക്കിവരുന്നു. പ്രസ്തുത തൊഴിലുകൾ അറിയാവുന്നവരെ ആവശ്യമുള്ള വ്യവസായങ്ങളിൽ ഇവക്ക് ജോലി സമ്പാദിച്ചുകൊടുക്കാൻ ഇതു് സഹായകമാകും.

ജോലിയൊഴിവുകളെക്കുറിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ വിവരമറിയിക്കുമ്പോൾ, 50 ശതമാനം ഒഴിവുകൾക്കെങ്കിലും വിമുക്തഭടന്മാരെ അയക്കണമെന്ന് ആവശ്യപ്പെടാൻ എല്ലാ പ്രതിരോധ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

യാത്രയയപ്പ്

മാള, ഏ. 8

കൊല്ലം ഇ. എസ്. ഐ. ഹോസ്പിറ്റലിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന അന്തോണി, കുഞ്ഞിപ്പേങ്ങൻ എന്നിവർക്ക് പഞ്ചായത്ത് വക ഒരു യാത്രയയപ്പ് നല്കിയിരിക്കുന്നു.

20 കൊല്ലത്തെ സർവ്വീസുള്ളവരാണ് ഈ ജോലിക്കാർ (സ്വ. ലേ.)

നാടൻ പന്തുകളി മത്സരം

മുക്കാട്ടുക്കര, ഏ. 8

മുക്കാട്ടുക്കര ബോയ്സ് ആൻറ്സ്പോർട്ട്സ് ക്ലബ്ബിൻെറ ഒരു യോഗംകൂടി കൊല്ലം തോറും നടത്തിവരാറുള്ളറോളിങ്ങ് ട്രോഫി നാടൻ പന്തുകളി മത്സരം ഇക്കൊല്ലം ഏപ്രിൽ 17-ാം തിയതി മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മത്സരത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന ടീമുകളുടെ വിശദവിവരങ്ങൾ ക്ലബ്ബ് സെക്രട്ടറിയെ രേഖാമൂലം ഏപ്രിൽ 14-ാംതീയതിക്കുമുമ്പായി അറിയിക്കേണ്ടതാണ്.

(സ്വ ലേ)

മസൂരിക്കെതിരെയുള്ള കുത്തിവെപ്പ് വാരം

മണ്ണുത്തി, ഏ. 7

ഒല്ലൂക്കര ബ്ളോക്കിൻേറയും വെള്ളാനിക്കര പ്രൈമെറി ഹെൽത്ത് സെൻററിൻേറയും സംയുക്താഭിമുഖ്യത്തിൽ മുക്കാട്ടുകര യു. പി. സ്കൂളിൽവെച്ച് മസൂരിക്കെതിരെ കുത്തിവെപ്പ് വാരം ആഘോഷിച്ചിരിക്കുന്നു. യോഗത്തിൽ ഒല്ലൂക്കര ബി. ഡി. ഒ. അദ്ധ്യക്ഷത വഹിക്കുകയും ഒല്ലൂക്കര പഞ്ചായത്ത് പ്രസിഡണ്ട് കെ. ആർ. ചാക്കുണ്ണി, സി. ഒ. ചെറിയാൻ, ഡോക്ടർ ശങ്കരൻകുട്ടി, എൻ. കൃഷ്ണൻനായർ എന്നിവർ പ്രസംഗിക്കുകയും ഹെൽത്ത് ഇൻസ്പെക്ടർ ചാക്കോ സ്വാഗതവും എൻ. കെ. ദാമോദരൻ കൃതജ്ഞതയും പറയുകയുംചെയ്തു. മസൂരിക്കെതിരായി കുത്തിവെപ്പും ഇവിടെവെച്ചുണ്ടായിരുന്നു.

(സ്വ ലേ)

സ്റ്റോക്കുണ്ടായിട്ടും പഞ്ചസാര നല്കുന്നില്ല

സഹകരണ സംഘത്തെപ്പററി പരാതി

(സ്വ. ലേ.) ചാലക്കുടി ഏ. 8

ഇവിടത്തെ ഹോൾസെയിൽ കൺസ്യൂമേഴ്സ് സഹകരണസംഘത്തിൽനിന്ന് പഞ്ചസാര സ്റ്റോക്കുണ്ടായിരുന്നിട്ടും ഇൻറൻറനുസരിച്ചുള്ള പഞ്ചസാര ലഭിച്ചിട്ടില്ലെന്ന് പരാതിയുണ്ടായിരിക്കുന്നു. കോടശ്ശേരി-എലിഞ്ഞിപ്ര സഹകരണസംഘത്തിനാണിപ്രകാരം പഞ്ചസാര കിട്ടാതായതു്. സംഘം പല തവണ ഇൻറൻറുമായി ഹോൾസെയിൽ ഡിപ്പോയിൽ ചെന്നുവത്രേ.

സംഭവം വിവരിച്ചുകൊണ്ട് കോടശ്ശേരി-എലിഞ്ഞിപ്ര സഹകരണസംഘം പ്രസിഡണ്ട് സിവിൽസപ്ലൈ കമ്മീഷണർ കെ. എസ്സ്. മേനോന് അടിയന്തിരകമ്പിസന്ദേശം അയിച്ചിട്ടുണ്ട്. ജില്ലാ കളക്ടരേയും കമ്പി മുഖേന അവർ വിവരമറിയിച്ചിരിക്കുന്നു.

ഇതിനുപുറമെ ഹോൾസെയിൽ ഡിപ്പോയെപ്പററി ഗുരുതരമായ പല പരാതികളും, റിട്ടെയിൽ സഹകരണസംഘങ്ങൾക്കുള്ളതായും, അവർ പലതവണ അധികൃത സ്ഥാനങ്ങളിലേക്കറിയിച്ചിട്ടു് യാതൊരു നടപടികളും ഇക്കാര്യത്തിലിതുവരെയെടുത്തിട്ടില്ലെന്നുമറിയുന്നു.

സപ്ലൈ ഉദ്യോഗസ്ഥന്മാരും പലതവണ ഈ ഹോൾസെയിൽ സംഘത്തിൻെറ നിരവധി ക്രമക്കേടുകളെ സക്കാരിൻെറ ദൃഷ്ടിയിൽപ്പെടുത്തിയിട്ടും പ്രയോജനമുണ്ടായിട്ടില്ലത്രേ.

അരിചാക്ക് തൂക്കികൊടുക്കണമെന്ന സെൻടൽ ഗവമ്മേണ്ടിൻെറ കല്പനപോലും ഈ സംഘം ഇതേവരെ അനുസരിക്കാൻ തയ്യാറായിട്ടില്ലെന്നു പറഞ്ഞാൽ സംഘം നടത്തിപ്പിൻെറ മഹിമ ഊഹിക്കാവുന്നതാണ്.

എന്നാൽ അരി തൂക്കം നോക്കി ചാക്കിലാക്കിമൂട്ടി വാഹനത്തിൽക്കയററിക്കൊടുക്കുന്നതിന് ചാക്കിന് 37 പൈസാവീതം സംഘം ഈടാക്കിവരുന്നുണ്ട്. അരിച്ചാക്ക് തൂക്കി നല്കുന്നുമില്ല.

ഇതേ അവസരത്തിൽ സ്വകാര്യഹോൾസെയിൽ ഡിപ്പോക്കാർ അരിച്ചാക്ക് തൂക്കംനോക്കി, മൂട്ടി ലോഡുചെയ്തുകൊടുക്കുന്നതിന്വെറും25പൈസ ഈടാക്കുന്നുള്ളതാനും. അതായത് സഹകരണസംഘത്തിൽ തൂക്കംനോക്കാതെതന്നെ ചാക്കിന്മേൽ 12പൈസ കൂടുതലായി ഈടാക്കുന്നുവെന്ന് സാരം.

അരി തൂക്കംനോക്കാതിരിക്കുന്നതുമൂലം റിട്ടെയിൽ സഹകരണസംഘത്തിന് വലിയ നഷ്ടം നേരിടുന്നതായി ധാരാളം പരാതികൾ ഉണ്ട്. ഹോൾസെയിൽ സഹകരണസംഘത്തിൽ നിരവധി വെട്ടിപ്പുകൾ നടക്കുന്നതായിട്ടാണ് കേൾക്കുന്നതു്. ഒരന്വേഷണം വൈകിക്കഴിഞ്ഞിരിക്കുകയാണ്.



ഏതാനും "പാട്ടബസ്സുകളും" നരകിക്കുന്ന നൂറുകണക്കിന് യാത്രക്കാരും

കണ്ടശ്ശാംകടവ്, ഏപ്രിൽ 8

കണ്ടശ്ശാംകടവ് ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ സെക്രട്ടറി ടി. ഡി. പാപ്പച്ചൻ പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:

ഈ ജില്ലയിലെ ബസ്സ് യാത്രക്കാരിൽ ഏററവും ദുരിതം അനുഭവിക്കുന്നതു് തൃശൂർ-കണ്ടശ്ശാംകടവ് റൂട്ടിലെ ബസ്സ് യാത്രക്കാരാണ്. തൃശൂർ മുതൽ വാടാനപ്പള്ളിവരെയുള്ള ഒരു നീണ്ട പ്രദേശത്തിൻെറ ഭരണനേതൃത്വംതന്നെ ഈ റൂട്ടിൽ വണ്ടിയോട്ടുന്ന ഏതാനും ബസ്സ് മുതലാളിമാരുടെ പോക്കററിലാണെന്ന തോന്നും അവരുടെ അഹങ്കാരം കണ്ടാൽ. 'ചക്കിക്കൊത്ത ചങ്കരൻ' എന്നു പറയുന്നതുപോലുള്ള ചില ഡ്രൈവർമാരും കണ്ടക്ടർമാരുംകൂടി ഈ ബസ്സ് മുതലാളിമാരുടെ ശിങ്കിടിപ്പാട്ടുകാരായുള്ളതിനാൽ ഈ പുള്ളിക്കാരന്മാക്ക് എന്തു് അനീതിയും നടത്താമെന്ന വന്നിരിക്കയാണ്.

ബസ്സുയാത്രക്കാരുടെ സൌകര്യം അവക്കൊരു പ്രശ്നമല്ല. സമയനിഷ്ഠയോ ഓവർലോഡോ തങ്ങളോട് ചോദിക്കാൻ ആരുണ്ടിവിടെ എന്നാണ് ഈ കേമന്മാരുടെ ഭാവം. യാത്രക്കാർ ആവശ്യപ്പെട്ട സ്ഥലത്തു് ഇറക്കുന്നതിലോ അവരെ കയററിക്കൊണ്ടു പോകുന്നതിലോ ഇവക്ക് താല്പര്യമില്ലെന്ന് നൂറ് നൂറ് ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്.

ഈ അടുത്തകാലത്തുതന്നെ ഈ ലൈനിൽ നാട്ടുകാരും വിദ്യാർത്ഥികളും ബസ്സ് മുതലാളിമാരും തമ്മിൽ നടന്നിട്ടുള്ള ബസ്സ് സമരങ്ങളും ഏററമുട്ടലുകളും മാത്രം മതി, ജനങ്ങളും ഈ സർവ്വീസ് മുതലാളിമാരും തമ്മിലുള്ള സൌഹാർദ്ദബന്ധത്തിലേയ്ക്ക് വെളിച്ചം വീശാൻ.

ഉദ്യോഗസ്ഥന്മാരെ മുഴുവൻ കീശയിലാക്കിയിട്ടുണ്ടെന്നതാണ് ഈ കുത്തകക്കാരുടെ "തള്ള"ലുകൾക്ക് ഏകകാരണം. പോലീസും ആർ. ടി. എ. പ്രമുഖരും മൊത്തത്തിൽ ജില്ലാ ഭരണനേതൃത്വത്തിലെ പല ഉന്നത സ്ഥാനികളും ഈ വീരന്മാരുടെ വരുതിയിലാണ്. ചേററുപുഴ മുതൽ ഇങ്ങോട്ടു് ഈ ലൈനിൽ ഉണ്ടായിട്ടുള്ള ബസ്സപകടങ്ങളിൽ നിരവധിപേർ മരണപ്പെട്ടപ്പോൾ, വേദനിച്ച നാട്ടുകാർ മർദ്ദനംകൂടി ഏൽക്കേണ്ടിവന്നു എന്നതാണ് സത്യം.

ഈ വീരന്മാരുടെ ധിക്കാരം ഒന്നു കുറക്കാൻ ഭാൻ: വണ്ടികൾ അനുവദിക്കണമെന്നു നാട്ടുകാർ വളരെ ഒച്ചയെടുത്തു. മിക്ക ലൈനുകളിലും പുതിയ ഭാൻ: സർവ്വീസുകൾ തുടങ്ങി. തൃശൂർ-കണ്ടശ്ശാംകടവ് ലൈനിൽ മാത്രം അതുണ്ടായില്ല. അവിടേയും തങ്ങളുടെ സ്വാധീനമേഖല പരന്നിരിക്കുന്നു.

മുഴുവൻ പാട്ടവണ്ടികളാണ് ഈവഴിക്ക് ഓടുന്നതു്. അവ ടെസ്റ്റ് ചെയ്യുന്നിടത്തും തങ്ങളുടെ'സ്വന്തക്കാരു'ണ്ട്. പിന്നെ എന്താ പ്രയാസം? പെട്രോൾ മാററി കരിവണ്ടിയാക്കിയവയും പിന്നീട് ഡീസലാക്കിയവയുമാണ് ഇവയിൽ ഏകദേശം മുഴുവൻ വണ്ടികളും. എല്ലാം 'പഴയ പൊന്നാ'ക്കുകൾ. എന്നാലുംതേച്ചുമിനുക്കി ഓടിക്കാൻ ഉത്തരവിടുകയാണ്. വക്കിംഗ് കണ്ടീഷനല്ലാത്ത മെഷ്യനുകളുടെ തകരാറുകൊണ്ടാണ് ഈ ലൈനിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള അപകടങ്ങൾ അധികവും സംഭവിച്ചിട്ടുള്ളതു്. അതൊന്നും ചോദിക്കാനാളില്ല. മനുഷ്യജീവനു് മിഷ്യനേക്കാൾ വില കാണാൻ തയ്യാറില്ലെങ്കിലോ?

കഴിഞ്ഞദിവസം ഈ കുത്തക കമ്പനിക്കാരുടെ ഒരു ബസ്സ് ആലപ്പാട്ട് വെച്ച് മറിഞ്ഞു. കാരണം എന്താണെന്നോ? മദർ ലീഫ് പൊട്ടി. കുറേ പേർ ആസ്പത്രിയിൽ തള്ളപ്പെട്ടു. അത്ര തന്നെ. അങ്ങിനെ അനുഭവങ്ങളുടെ ഒരു പട്ടികതന്നെയുണ്ട്. (ആലപ്പാട്ട് ബസ്സപകടത്തിൽപെട്ട ചാത്തുണ്ണി എന്നൊരാൾ ഇന്നലെമരണമടഞ്ഞിട്ടുണ്ട്)

കണ്ടംചെയ്തു കളയാറായ ഈ വണ്ടികൾക്ക് പെർമിററ കൊടുക്കുന്നവരെങ്കിലും ജീവൻെറ വില ഒന്നു കണക്കിലെടുക്കുമോ?

സംഘംചേർന്ന് ഒരു കൈ നോക്കി

ഒരാൾ മരിച്ചു 5 പേർ ആസ്പത്രിയിൽ

തിരുവനന്തപുരം ഏ 7

കമലേശ്വരത്തുവെച്ച് രണ്ടു് സംഘം ആളുകൾ തമ്മിലുണ്ടായ വഴക്ക് പരസ്പരം കത്തിക്കുത്തിലും തുടന്ന് ഒരാളുടെ മരണത്തിലും കലാശിച്ചിരിക്കുന്നു.

കത്തിക്കുത്തുമൂലം വേറെ അഞ്ചുപേർക്കുകൂടി പരിക്കേററിട്ടുണ്ട്. അവരെയെല്ലാം ആസ്പത്രിയിലാക്കിയിരിക്കയാണ്. അതിൽ ഒരാളുടെ നില അത്യന്തം ഗുരുതരവുമാണ്.

മരിച്ചുപോയ ആളുടെ പേർ ശ്രീധരൻ [30] എന്നാണ്. ഗുരുതരമായ നിലയിൽ ആശുപത്രിയിൽ കിടക്കുന്ന ശിവാനന്ദൻ [34] ഒരു ഹെവി ജോലിക്കാരനും മൃതിയടഞ്ഞ ആളുടെ സഹോദരനുമാണ്. കൊഞ്ചിറവിള സ്വദേശികളാണ് രണ്ടു സംഘക്കാരും. പഴയ കൂട്ടുകാരായിരുന്ന ഇവർ അടുത്തകാലത്തു പിണങ്ങി ഇന്നലെ വൈകുന്നേരം ഇവർ തമ്മിൽഒരു വാക്കുതർക്കമുണ്ടായി. രാത്രി കമലേശ്വരത്തുവച്ച് വീണ്ടും വഴക്കാരംഭിക്കയും അതു് കത്തിക്കുത്തിൽ പരവസാനിക്കുകയുമാണുണ്ടായതു്. രണ്ടു സംഘത്തിലും പെട്ടവക്ക് പരിക്കേററിട്ടുണ്ട്. ഇരുവിഭാഗത്തിലും പെട്ടവരെ പ്രതിചേർത്തു് സിററി പോലീസ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നു. പ്രതികളിൽ ഒരാളായ വാമദേവൻനായർ കള്ളി 'നോട്ട് അടവച്ച' തട്ടിപ്പുകേസ്സുകളിലും പിടികിട്ടേണ്ട ഒരു പുള്ളിയാണ് ഇയാൾ എന്നറിയുന്നു.

[സ്വ. ലേ]

കോൺ. മന്ത്രിമാരുടെ കള്ളുകുടി

ന്യൂഡൽഹി, ഏപ്രിൽ 6

ചില കോൺഗ്രസ്സ് മന്ത്രിമാർ മദ്യം കുടിക്കുന്ന പതിവുകാരായിരിക്കുന്നതായി തനിക്കറിയാമെന്ന് ഇന്ന് മി. മൊറാർജി ദേശായി പ്രസ്താവിക്കുകയുണ്ടായി. ഇവിടെ ചേർന്ന മദ്യനിരോധന വാരാഘോഷ പരിപാടികൾ ഉൽഘാടനം ചെയ്യവേയാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞതു്. ഈ നില തുടർന്നുപോകുന്നപക്ഷം അവർ മാത്രമല്ല, ഈ രാജ്യംതന്നെ നശിച്ചുപോകുമെന്ന് ഒരു മുന്നറിയിപ്പായി അദ്ദേഹം പ്രസ്താവിച്ചു.

(യു. എൻ. ഐ)

മീറററുകൾ ഘടിപ്പിക്കാത്ത കാറുകൾ ജൂൺ 1ന് ശേഷം ടാക്സിഓടാൻ പാടില്ല

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളെ ബാധകമാക്കിക്കൊണ്ട് ഗവ: ഉത്തരവ്

(സ്വ. ലേ.) തിരുവനന്തപുരം. ഏ. 7

കേരള മോട്ടോർ വാഹനനിയമം 325-ാംവകുപ്പനുസരിച്ച് 1965 ഏപ്രിൽ ഒന്നാംതിയതി മുതൽ തിരുവനന്തപുരം കോഴിക്കോട് എന്നീ നഗരങ്ങളിലും, എറണാകുളം, മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലൻറ്, ഫോർട്ടുകൊച്ചി എന്നീ പട്ടണങ്ങളിലും ടാക്സി കാറുകളിൽ മീറററുകൾ ഘടിപ്പിക്കുവാനുള്ള ഗവ: ഉത്തരവു പ്രാബല്യത്തിൽ വന്നിട്ടുള്ളതായി കേരള സ്റ്റേററ് ട്രാൻസ്പോർട്ട് അതോറിട്ടി സെക്രട്ടറി അറിയിക്കുന്നു.

ഇതിൻെറ പ്രാരംഭനടപടിയായി ഏപ്രിൽ ഒന്നാംതീയതി മുതൽ പ്രസ്തുത സ്ഥലങ്ങളിലുള്ള കാറുകൾക്ക് ടാക്സി മീററർ ഘടിപ്പിച്ചശേഷമേ പുതുതായി ടാക്സി പെർമിററുകൾ അനുവദിക്കുകയുള്ളു എന്നു തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രദേശങ്ങളിൽ ഏപ്രിൽ ഒന്നാംതീയതി മുതൽ മേയ് 31-ാംതീയതിവരെയുള്ള കാലഘട്ടത്തിൽ ഒരു പ്രത്യേക നിബന്ധനക്ക് വിധേയമായി മാത്രമേ നിലവിലുള്ള പെർമിററുകൾ പുതുക്കുകയോ, ഫിററ്നസ്സ് സട്ടിഫിക്കേററ് അനുവദിക്കുകയോ ചെയ്യുകയുള്ളൂ. ജൂൺ ഒന്നാംതീയതിക്കകം ടാക്സിമീറററുകൾ ഘടിപ്പിച്ച് ടാക്സികൾ പരിശോധനക്ക് വിധേയമാക്കിയില്ലെങ്കിൽ നോട്ടീസോ, മുന്നറിയിപ്പോ കൂടാതെതന്നെ ഏപ്രിൽ ഒന്നാംതീയതി മുതൽ മേയ്31-ാം തീയതിവരെ പുതുക്കിയ പെർമിററുകളും ഫിററ്നസ് സട്ടിഫിക്കേററുകളും റദ്ദു് ചെയ്യുന്നതാണ്.

ജൂൺ ഒന്നാംതീയതിക്കുശേഷം പ്രസ്തുത സ്ഥലങ്ങളിൽ, മീറററുകൾ ഘടിപ്പിച്ചാൽ മാത്രമേ നിലവിലുള്ള ടാക്സി പെർമിററുകളും ഫിററ്നസ്സ് സട്ടിഫിക്കേററുകളും പുതുക്കുകയുള്ളൂ.

മുനി: ജീവനക്കാരുടെ ശമ്പളസേവനവ്യവസ്ഥകൾ അന്വേഷിക്കാൻ വേജ്ബോർഡ്

സക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു

തിരുവന്തപുരം, ഏ. 7

മുനിസിപ്പൽ ജീവനക്കാരുടെ ശമ്പളവും സേവനവ്യവസ്ഥയും സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ ഒരു വേജ് ബോർഡ് നിയമിച്ചുകൊണ്ട് ഗവമ്മെണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ലോക്കൽഫണ്ട് എക്സാമിനർ (ചെയർമാൻ) മുനിസിപ്പാലിററീസ് ഡയറക്ടർ, ലേബർകമ്മീഷണർ, തിരുവനന്തപുരം കാർപ്പറേഷൻ കമ്മീഷണർ ഹെൽത്ത് ആൻറ് ലേബർ ഡെപ്യൂട്ടി സെക്രട്ടറി എന്നിവരാണ് ബോർഡിലെ ഔദ്യോഗികാംഗങ്ങൾ. മുനിസിപ്പൽ വക്കേഴ്സ് ഫെഡറേഷൻ സെക്രട്ടറി ശ്രീ. പി. കെ. പത്മനാഭൻ, യു. ടി. യു. സി. നേതാവു് ശ്രീ. ടി. കെ ദിവാകരൻ ഐ. എൻ. ടി. യു. സി നേതാവ് ശ്രീ.ഡബ്ലിയു.എൽ.പാപ്പച്ചൻ(കൊല്ലം) എന്നിവരാണ് അനൗദ്യോഗികാംഗങ്ങൾ. ആറ് മാസത്തിനകം ബോർഡ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

ഏപ്രിൽ പത്താംതീയതി മുതൽ പണിമുടക്കുമെന്ന് കാണിച്ച് മുനിസിപ്പൽ തൊഴിലാളികൾ ഗവമ്മെൻറിന് നോട്ടീസ് നൽകിയിരിക്കുകയാണ്.

സ്റ്റീഫൻമിച്ചെൽ മദിരാശിയിൽ

മദിരാശി, ഏ 8

അമേരിക്കയിലെ ഡെമോക്രാററിക് പാർട്ടിയുടെ നാഷണൽ കമ്മിററി ചെയർമാനായിരുന്ന ദേഹവും ഒരു അഭിഭാഷകനുമായ മി. സ്റ്റീഫൻ എ. മിച്ചെൽ നാലുദിവസത്തെ സന്ദർശനത്തിനായി ഡൽഹിയിൽനിന്ന് ഇന്നിവിടെ എത്തി. അമേരിക്കൻ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ രണ്ടാഴ്ചക്കാലത്തെ പ്രസംഗപര്യടനത്തിൽ ഏർപ്പെട്ടിരിക്കുകയാണദ്ദേഹം.

ഇന്ന് അഡ്വക്കേററ്സ് അസോസ്യേഷൻ അംഗങ്ങളെ മി. മിച്ചെൽ സന്ദർശിച്ചു. വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തമിഴ്നാട്ടു് കോൺഗ്രസ് കമ്മിററിയിലെ ഔദ്യോഗികഭാരവാഹികളുമൊന്നിച്ച് ഒരു വട്ടമേശസമ്മേളനത്തിൽ അദ്ദേഹം സംബന്ധിക്കും. അന്നു അപരാഹ്നത്തിൽ നിയമസഭാംഗങ്ങളുമായി ഒരു ചായസൽക്കാരത്തിൽ അദ്ദേഹം പങ്കുകൊള്ളുന്നതാണ്.

ശനിയാഴ്ച ഉച്ചയ്ക്കുശേഷം 1മണിക്ക് മദിരാശി ലോക്കോളേജിലെ അദ്ധ്യാപകരേയും സീനിയർ വിദ്യാർത്ഥികളേയും മി. മിച്ചെൽ സന്ദർശിക്കും. അടുത്ത തിങ്കളാഴ്ച അദ്ദേഹം ഇവിടെനിന്നും കൽക്കത്തായ്ക്കു പോകുന്നതാണ്.

മോഷണം നടത്തിയ പോലീസുകാർ

ഝരിയ, (ബീഹാർ) 7

ധൻബാദ് പോലീസ് സ്റ്റേഷനിലെ രണ്ടു് കാൺസ്റ്റബിൾമാർ മോഷണക്കുററത്തിന് അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു.

കുറേ ദിവസങ്ങളായി ധൻബാദ്പോലീസ് ലൈനിൽനിന്നും പല സാധനങ്ങളും കളവുപോകുന്നതായി റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുകയായിരുന്നു. അവസാനം കള്ളന്മാരെ പിടിക്കുന്നതിനായി ഒരു പദ്ധതി തയാറാക്കിയപ്പോൾ ഈ രണ്ടു് കാൺസ്റ്റബിൾമാരുമാണ് അതിൽ കുടുങ്ങിയതു്.

വാർഷികാഘോഷങ്ങൾ

തൊയക്കാവ് ഏ. 6

തൊയക്കാവ് വെസ്റ്റ് എൽ. പി. സ്കൂളിൻെറ വാർഷികയോഗം ശ്രീമതി എ. ററി. മറിയാമ്മ ബി. എ. ബി. ടി യുടെ അദ്ധ്യക്ഷതയിൽ സ്കൂൾ അങ്കണത്തിൽ ചേരുകയുണ്ടായി.

കുട്ടികളുടെ വിവിധ കലാപരിപാടികളും കൊല്ലം രാജൻെറ 'മാമ്പഴം' എന്ന കഥാപ്രസംഗവും, പൂർവ്വവിദ്യാർത്ഥികളുടെവക ഒരു നാടകവും ഉണ്ടായിരുന്നു.

[സ്വ. ലേ]

പാലൂർ ഏ.6

സലം വാണിവിലാസം യു. പി. സ്കൂളിൻെറ വാർഷികവും, വളരെക്കാലമായി സ്കൂളിൻെറ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ കെ. എൽ. റാഫേൽമാസ്റ്റർ ജോലിയിൽനിന്ന് വിരമിക്കുന്നതിനോടനുബന്ധിച്ചുള്ളയാത്രയയപ്പുയോഗവും സ്കൂൾ പരിസരത്തു വെച്ച് കഴിഞ്ഞ ഞായറാഴ്ച നടത്തപ്പെട്ടു. യോഗത്തിൽ റവ: ഫാ. തോമസ് മൂത്തേടൻ അദ്ധ്യക്ഷത വഹിച്ചു. വർക്കി വടക്കൻ, എ. സി. വർഗ്ഗീസ് മാസ്റ്റർ തുടങ്ങിയവർ റാഫേൽമാസ്റ്ററെ അനുമോദിച്ചുകൊണ്ടു പ്രസംഗിക്കുകയുണ്ടായി.

വിവിധ കലാപരിപാടികളും, യോഗാനന്തരം സി. എൽ. ജോസിൻെറ കുരുത്ത വെളിച്ചം എന്ന നാടകവും ഉണ്ടായിരുന്നു

ഇടിവെട്ടേററ് 5 പേർ ആസ്പത്രിയിൽ

കൊട്ടാരക്കര, ഏ. 7

കഴിഞ്ഞ ദിവസം വൈകുന്നേരമുണ്ടായ ഒരു ഇടിവെട്ടേററു സ്ഥലം എക്സ്റ്റൻഷൻ ട്രെയിനിങ്ങ് സെൻററിലെ നാലു് ട്രെയിനികൾക്കും ഒരു വാച്ചുമാനും ഉൾപ്പെടെ അഞ്ചു പേർക്കു ബോധക്ഷയമുണ്ടാകുകയും അവരെ തൽക്ഷണം സ്ഥലം ഗവ. ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇവർ സുഖം പ്രാപിച്ചുവരുന്നു.

(സ്വ. ലേ)

ഷെയിക്ക്-ചൌ കൂടിക്കാഴ്ചയെപ്പററി വിശുദ്ധ റോമ കമ്മററി

[പി. ടി. ഐ] ശ്രീനഗർ ഏപ്രിൽ 8

ആൾജിയേഴ്സിൽ വെച്ച് ഷെയിക്ക് അബ്ദുള്ളയും, ചൈനീസ് പ്രധാനമന്ത്രി ചൌ എൻലായിയും തമ്മിൽ നടന്ന കൂടിക്കാഴ്ച യാദൃച്ഛികമായ ഒന്നാണെന്ന് വിശുദ്ധ രോമ ആക്ഷൻ കമ്മററി അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ കൂടിക്കാഴ്ചക്ക് ചില തല്പരകക്ഷികൾ നല്കുന്ന ദുർവ്യാഖ്യാനം ഗുരുതരമായ വിഷമതകൾക്ക് വഴി വെക്കുമെന്ന് കമ്മററി അംഗീകരിച്ച ഒരു പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്.

ശങ്കർ ഭരണത്തിന്റെ പുതിയൊരു പതിപ്പ്

പ്രസി: ഭരണത്തെപ്പറ്റി വെല്ലിംഗ്ടൺ

പെരുമാൾ വാഴ്ചയുടെ പിന്നിൽ പതിയിരുന്ന് ജന്മിസന്തതികൾ കടിയിറക്കുകൾക്ക് വട്ടംകൂട്ടുകയാണെന്ന്

മട്ടാഞ്ചേരി, ഏ. 7

ഈ രാജ്യത്ത് കേട്ടുകേൾവിപോലുമില്ലാത്തത്ര അഴിമതിയും സ്വജനപക്ഷപാതവും രാഷ്ട്രീയ വ്യഭിചാരവും നടത്തി ഒരു പുതിയറിക്കാർഡ് സൃഷ്ടിച്ച കോൺ.ഭരണകൂടത്തിന്റെ മറ്റൊരു പതിപ്പാണ് പ്രസിഡണ്ട് ഭരണകൂടമെന്ന് കർണ്ണാടകത്തൊഴിലാളിപാർട്ടി ജനറൽ സെക്രട്ടറി ബി. വെല്ലിംഗ്ടൺ ഇന്നിവിടെവെച്ച പ്രസ്താവിച്ചിരിക്കുന്നു.

നോനദാൽ മൈതാനിയിൽചേന കൂടികിടപ്പുസംരക്ഷണ സമിതിയുടെ ൽഘാടനം നിർവ്വഹിച്ചുകൊണ്ടു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ മുൻ മുനിസിപ്പൽചെയർമാൻ പി. ആർ. മാത്യു ആദ്ധ്യക്ഷം വഹിച്ചു. മലനാട് കർഷകയൂണിയൻ ജനറൽ സെക്രട്ടറി എം. എം. തോമസ് എൻ. ആർ. സേവ്യർ തുടങ്ങിയവർ പ്രസംഗിച്ചു.

വെല്ലിംഗ്ടൺ തുടന്നു:

കേരളത്തിൽ അടിച്ചേല്പിക്കപ്പെട്ടിരിക്കുന്ന പ്രസിഡണ്ട് ഭരണത്തെ തങ്ങളുടെ സുവസ്സുദ്ധശയായി ക്കാണുന്ന ജന്മിമാർ ഇന്ന് കടിയിറക്കുകൾക്കുള്ള പശ്ചാത്തലം പടുത്തുകൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥ ഉഷ്പ്രേരണത്തെ കൂട്ടുപിടിച്ച് പോലീസിന്റെ ഉരുക്കുമുഷ്ടികളുടെ പിൻതുണയോടെ അദ്ധ്വാനിക്കുന്നവരുടെയും പാവപ്പെട്ടവരുടെയും അവകാശങ്ങളെ ചവിട്ടിത്തേച്ചു കളയാനാണ് അവരുടെ പ്ലാൻ. അതിനുള്ള കരുനീക്കങ്ങളും നാല്പതുകളുടേയും നാടുവാഴിക്കുടേയും നടുമുറ്റങ്ങളിൽ ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്.

ശങ്കരും ചാക്കോയും നിർത്തിവെച്ചിരിക്കുന്നിടത്തുനിന്ന് കടിയിറക്ക് ഘോഷയാത്ര ആരംഭിക്കാൻ സക്കാരും തയ്യാറായിരിക്കുകയാണ്. അതിന്റെ രൂപരേഖകളും സക്കീർകല്പനകളിൽനിന്നും കൊണ്ടിരിക്കുന്നു.

അധികാരത്തിന്റെ സ്റ്റീംറോളറിനു കീഴെ അവകാശസമരങ്ങളും ചതഞ്ഞരയുമെന്നാണ് ഭരണനേതൃത്വം ഇന്നു സ്വപ്നംകാണുന്നത്. പക്ഷേ അതൊരു മിഥ്യയാണ്. ജീവിക്കാൻ മരിക്കുന്ന മനുഷ്യരാണ് ഇന്ന് നാമരൂപത്തേയ്ക്കുവരുന്നത്. അവരെ അവച്ചുചെയ്ത് വിജയിച്ച ചരിത്രം എവിടെയുണ്ട് എന്നദ്ദേഹം ചോദിച്ചു.

അദ്ദേഹം തുടന്നു: ഈരാജ്യത്തെ കഷ്ടകതെഴിലാളിവർഗ്ഗം കന്നിച്ചുണരേണ്ട സമയമാണിത്. നമ്മുടെ ബലഹീനതകളെ ചൂഷണംചെയ്ത് അവകാശങ്ങളെ അടിയറവെപ്പിക്കാൻ വരുന്നവർക്കെതിരെ നിങ്ങളുടെ ഉരുക്കുനിശ്ചയം ഉയർത്തിപ്പിടിച്ചിരിക്കുന്ന തോക്കുകളും ലാത്തികളും അവിടെ കമ്പിടാതിരിക്കയില്ല.

....

ടാൻസ്പോർട്ട് ബസ്സുകൾക്ക് പ്രോസിക്യൂഷൻ

ഇരിങ്ങലക്കുട ഏ. 7

കഴിഞ്ഞകല്ലും രാണകാലത്തു ഇവിടെത്തെ ഡി. വൈ. എസ്. പി. മൂന്നു ടാൻസ്പോർട്ട് ബസ്സുകളുടെ കവർലോഡ് പിടിച്ചു റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിന്മേൽ നടവടിയൊന്നും വേണ്ടന്ന തീരുമാനമാണ് ഗവണ്മെണ്ട് എടുത്തിരുന്നത്. എന്നാൽ ഇപ്പോഴത്തെ ഐ. ജി. വന്നപ്പോൾ അതിൽ രണ്ടുകേസുകൾ പ്രോസിക്യൂട്ട് ചെയ്യുവാൻ കല്പന കൊടുത്തിട്ടുള്ളതായി വിവരം കിട്ടിയിരിക്കുന്നു. സ.ാ. ലേ.

കൈത്തറിതുണിക്ക് പ്രത്യേകറിബേറ്റ്

തൃശ്ശൂർ, ഏ. 8

കൈത്തറിവാരാഘോഷം പ്രമാണിച്ച് എല്ലാ അംഗീകൃത കൈത്തറിസഹകരണസംഘങ്ങളിൽനിന്നും വാങ്ങുന്ന കൈത്തറിതുണികൾക്ക് രൂപയ്ക്ക് 10 പൈസവീതം റിബേറ്റ് നൽകിവരുന്നു.

—

വിദ്യുച്ഛക്തി വികസനത്തിന് മന്നേമുക്കാൽ കോടി രൂപയോളം ചിലവിട്ടു

തൃശ്ശൂർ, ഏ 8

വിദ്യുച്ഛക്തിവികസനത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തികവർഷത്തെ 11 മാസങ്ങളിലായി തൃശ്ശൂർ ജില്ലയിൽ 1.62,87,432 രൂപാ ചിലവുചെയ്യുകയുണ്ടായി. അതിൽ 1,48,34,917 രൂപയും ഷോളയാർ ജലവൈദ്യുതപദ്ധതിക്കവേണ്ടിയാണ് വിനിയോഗിച്ചതു്. ബാക്കി സംഖ്യ വിദ്യുച്ഛക്തിവിതരണത്തിനായി ചിലവഴിക്കപ്പെട്ടു.

....

ജീവിത നിലവാര സൂചിക

തൃശ്ശൂർ, ഏ. 8

കഴിഞ്ഞ ഫെബ്രുവരി മാസത്തെ ജീവിത നിലവാരസൂചികയിൽ തൃശ്ശൂരിൽ ഒരു പോയിന്റ് വർദ്ധനയും ചാലക്കുടിയിൽ മൂന്നു പോയിന്റ് താഴ്ചയും രേഖപ്പെടുത്തിയിട്ടുള്ളതായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ജനുവരി മാസത്തിൽ തൃശ്ശൂരിൽ 594 പോയിന്റും ചാലക്കുടിയിൽ 605 പോയിന്റും ആയിരുന്ന സൂചിക ഫെബ്രുവരിമാസത്തിൽ യഥാക്രമം ഈ കേന്ദ്രങ്ങളിൽ 595 പോയിന്റും 602പോയിന്റുമായതായി രേഖപ്പെടുത്തിയിരിക്കുന്നു.

—

ടാൻസ്പോർട്ട് സമരം ജില്ലാകലക്ടർ തെളിവെടുപ്പു നടത്തുന്നു

തൃശ്ശൂർ, ഏ. 8

ടാൻസ്പോർട്ട് പണിമുടക്കിന്ന് ഇടയാക്കിയ കരുതലുന്ന സംഭവത്തെക്കുറിച്ച് ജില്ലാകലക്ടർ ശ്രീ. എൻ. ശ്രീധരൻ നായർ ഏപ്രിൽ 12–ാം തിയതി 2–30 ന് കലക്ടറേറിലെ കോൺഫറൻസ് ഹാളിൽവച്ച് ബന്ധപ്പെട്ട ടാൻസ്പോർട്ട് ജീവനക്കാരിൽനിന്നുമൊരു തെളിവുകൾ ശേഖരിക്കുന്നതാണ്. ഏപ്രിൽ 30–ാംതിയതിക്കുമുമ്പ് റിപ്പോർട്ട് സമർപ്പിക്കുവാനാണ് ഗവണ്മെണ്ട് കലക്ടരോട് ആവശ്യപ്പെട്ടിട്ടുള്ളത്.

—

നീഗ്രോ പൌരാവകാശ സംരക്ഷകരുടെനേരെ ആക്രമണം

റോയിട്ടർ ലൂസിയാന, ഏ. 8

നീഗ്രോ പൌരാവകാശ പ്രചാരകർ താമസിക്കുന്ന ഒരു വീടിൻനേരെ ക്ലുക്ലുക്സ്ക്ലാൻ സംഘടനയിൽ പെട്ടവർ തോക്കുകളുമായി എത്തി ഒരാക്രമണം നടത്തിയിരിക്കുന്നു.

വാഹനങ്ങളിൽ വന്നിറങ്ങിയാണ് അവർ വെടിവെപ്പുനടത്തിയതു്. പൌരാവകാശപ്രചാരകന്മാർ ആയുധങ്ങൾക്ക് വേണ്ടിവാങ്ങിയ മടങ്ങിവന്നശേഷം വെടിവെപ്പുനടത്തി. ആക്രമം പതുക്കേറെതായി റിപ്പോർട്ടില്ല.

....

ചേർപ്പിലെ ലോകാരോഗ്യദിനം

ചേർപ്പ്, ഏ. 8

ചേർപ്പ് വികസന ബ്ലോക്ക്, പഞ്ചായത്ത്, ചെല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലോകാരോഗ്യദിനം പ്രമാണിച്ച് ചേർപ്പ് മഹാത്മാ മൈതാനിയിൽ ഇന്നലെ വൈകുന്നേരം ഒരു പൊതുയോഗം ചേരുകയുണ്ടായി. യോഗത്തിൽ ഡോ. സി. സി. മാത്യു ആദ്ധ്യക്ഷം വഹിക്കുകയും, ഡോ. പി. രാമമേനോൻ, ശ്രീ ജെക്കബ്ബ് സാമുവൽ ശ്രീ. ഗോവിന്ദൻകുട്ടിമേനോൻ ശ്രീ. ഇ. പി. നായർ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—

തൃശ്ശൂർ വാർത്തകൾ

സാഹിത്യസമാജം ഉൽഘാടനം

അലൈഡ് ഹിന്ദി കോളേജ് സാഹിത്യസമാജത്തിന്റെ ഉൽഘാടനംഏപ്രിൽ 10–ാംതീ ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭ സിക്രട്ടറി ആഞ്ജനേയശർമ്മ നിർവ്വഹിക്കുന്നതായിരിക്കും. പ്രസിദ്ധ ഹിന്ദി സാഹിത്യകാരനും, 'കേരളഭാരതി' പത്രത്തിന്റെ സഹപത്രാധിപരുമായ പണ്ഡിറാ നാരായണദേവ് ഉൽഘാടനയോഗത്തിൽ അദ്ധ്യക്ഷതവഹിക്കുന്നതുമാണ്.

—

പരിഷത്തിന്ന് 24 സീറ്റായി

[പി ടി ഐ] അഹമ്മദാബാദ്, ഏ 7


അഹമ്മദാബാദ് മുൻസിപ്പൽ കോർപ്പറേഷനിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം രണ്ടാംദിവസമായ ഇന്നും തുടന്നു.

ഇതുവരെയായി മഹാഗുജറാത്ത് ജനതാ പരിഷത്തിന്ന് 24 സീറ്റുകിട്ടി. ഇന്നലെവരെ ഒരു സീറ്റ് മാത്രംകിട്ടിയ കോൺഗ്രസ്സിനു് ഇന്നു് ആറ് സീറ്റുകിട്ടി കിട്ടിയിട്ടുണ്ട്.

പി. എസ്സ്. പി. ക്കും ഏഴ് സീറ്റുകിട്ടി. കോർപ്പറേഷനിലെ അംഗസംഖ്യ 78 ആണ്.

—o—

ഉപകാരസ്മരണ



നിത്യസഹായ മാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാദ്ധ്യമായതിനു ഉപകാരസ്മരണ

റോസി അന്തോണി കല്ലേലി
പി. ഒ. കുറിക്കാട്ട്
പരിയാരം

ഒരിഞ്ച് ഭൂമി കിട്ടുമെന്ന് കൊതിക്കണ്ട

പാക്കിസ്ഥാനോട് രാജസ്ഥാന്റെ താക്കീത്

(പി ടി ഐ) ജയ്പ്പൂർ, ഏ 8

തങ്ങളുടെ കരിഞ്ച് ഭൂമിപോലും അധീനപ്പെടുത്തുവാൻ പാക്കിസ്ഥാനെ അനുവദിക്കുകയില്ലെന്ന് രാജസ്ഥാൻ മുഖ്യമന്ത്രി മോഹൻലാൽ സുഖാടിയ ഇന്ന് നിയമസഭയിൽ പ്രസ്താവിച്ചു.

കച്ച് ഭാഗത്തു് ഉണ്ടായ പാക്ക് നഴത്തകയറ്റത്തെപ്പറ്റി ഒരു അടിയന്തര പ്രമേയം കൊണ്ടുവന്നതിന്നു് ഒരു ജനസംഘം അംഗം ആവശ്യപ്പെട്ടതിനെ തുടന്ന് മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്യുകയായിരുന്നു.

ഈ ഭാഗത്തു് ഉണ്ടായിട്ടുള്ള പാക്കിനഴത്തകയറ്റം ഗുരുതരമായ ഒരു കാര്യമാണെന്നു് സുഖാടിയ പറഞ്ഞു. അതിതിയിലുള്ള പാക്ക് പ്രവർത്തനങ്ങളെപ്പറ്റി രാജസ്ഥാൻ ഗവണ്മെണ്ടിന്നു് പൂർണ്ണമായ അറിവുണ്ട്. ഗവണ്മെണ്ട് ജാഗ്രതകുമായിതന്നെയാണു് ഇരിക്കുന്നതു്. ഇന്ത്യാഗവണ്മെണ്ടിനേയും വിവരം അറിയിച്ചിട്ടുണ്ട്. അതിതിയിൽ രക്ഷാനടപടികളും ഗവണ്മെണ്ട് ശക്തിപ്പെടുത്തിയിരിക്കുന്നു.

മുഖ്യമന്ത്രിയുടെ പ്രസ്താവനക്കുശേഷം സ്പീക്കർ അടിയന്തിരപ്രമേയത്തിന്നു് അനുമതി നിഷേധിച്ചു.

—

ഇടതുകമ്മ്യൂ. പ്രവർത്തകൻ അറസ്റ്റിൽ

(സ്പെ ലേ) ചാവക്കാടു് ഏ 8

ഇടതുപക്ഷ കമ്മ്യൂ. പാർട്ടിയുടെ ഒരു വിഭാഗമായിരുന്ന ഒരു പ്രമുഖപ്രവർത്തകനും പൂക്കോടു് പഞ്ചായത്തു് പ്രസിഡണ്ടുമായ സി. കെ. കുമാരനെ ഇന്നു് ചാട്ടുകുളത്തുവെച്ചു് കസ്റ്റംകുമാരപോലീസ് രാജ്യരക്ഷാനിയമപ്രകാരമറസ്റ്റുചെയ്തിരിക്കുന്നു.

—o—

ക്ലബ്ബ് ഭാരവാഹികൾ

കണ്ടശ്ശാംകടവ്, ഏ 7

പടിയം ജോളി സ്പോർട്സ് ക്ലബ്ബിന്റെ വാർഷികപൊതുയോഗം മൻപ്രസിദ്ധനായ വി കെ ഗണേശ്ശങ്കറിന്റെ അദ്ധ്യക്ഷതയിൽകൂടി. 64–65 ലെ വാർഷികറിപ്പോർട്ടും വരുവുചിലവുകണക്കുകളും കഴിഞ്ഞകമ്മിറ്റിയോഗം അംഗീകരിച്ചു. പുതിയ നേതൃത്വത്തിന്നു് പകരം സി. സി. മോഹൻ(പ്രസിഡണ്ടു്) ബാലൻ (വൈസ് പ്രസിഡണ്ടു്) എന്നിവർ അധികാരസ്ഥാനത്തെത്തി. എന്നാൽ പഴയ പ്രസിഡണ്ടു് വടേക്കര ബാലൻ നായർ ഈ തീയതിവരേയും അധികാരം ഒഴിഞ്ഞുകൊടുക്കാൻ തയ്യാറായിട്ടില്ലെന്നറിയുന്നു. ഇതുമൂലം റൂറൽ ബാങ്കിന്റെ പ്രവർത്തനം ഇന്നു് സ്തംഭനത്തിലാണ്. ചാവക്കാടു് ഫർക്കയിൽ സഹകരണസംഘങ്ങൾക്കും മുഖ്യമായുള്ള അറിവില്പന തുടങ്ങി നിരവധി ഉത്തരവാദിത്വങ്ങളും പലത്താനുള്ള ഒരു സ്ഥാപനത്തിൽ ഈ സ്തംഭനാവസ്ഥ നിലകൊള്ളുകയാണെങ്കിൽ എന്തായിരിക്കും കഥ.

അധികാരം ഒഴിഞ്ഞുകൊടുക്കാൻ മടിക്കുന്ന പഴയനേതൃത്വത്തിന്റെ നടപടിയെ പലരും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. റൂറൽ ബാങ്കിന്റെ ഖജനാവു് ഒട്ടാപ്പെട്ടിരിക്കയാണെന്നും പുതിയ നേതൃത്വം വന്നാൽ അത് വെളിച്ചത്താകുമെന്നും അതിനാലാണ് അധികാരം കൈമാറാൻ പഴയനേതൃത്വം മടിക്കുന്നതെന്നുമാണ് ജനങ്ങളിൽ കടന്നുകൂടിയിട്ടുള്ള ആശങ്ക. അരിവിതരണക്കാര്യത്തിലുമാറാം ഈ സ്ഥാപനത്തിന്റെ പേരിൽ മൻപും അഴിമതി ആരോപണങ്ങളും ഉയന്നിട്ടുള്ളതാണ്.

....

ചാവക്കാട് റൂറൽബാങ്കിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്നു

റദ്ദായ നേതൃത്വം അധികാരം മുക്കിപ്പിടിക്കുന്നു—തെരഞ്ഞെടുക്കപ്പെട്ടവർ നിസ്സഹായാവസ്ഥയിൽ

(സ്പെ. ലേ.) ചാവക്കാടു്, ഏ. 8

ചാവക്കാടു് റൂറൽ ബാങ്കിലേക്കുള്ള പ്രതിനിധി തെരഞ്ഞെടുപ്പും പുതിയ പ്രസിഡണ്ടിനേൻ നിയമനവും കഴിഞ്ഞിട്ടു് രണ്ടാഴ്ചയോളമായെങ്കിലും പഴയ ഭരണസമിതി നാളിതുവരേയും രേഖകളോ മിനിറ്റ്സോ കൈമാറാൻ തയ്യാറായിട്ടില്ലെന്നു് അറിവായിരിക്കുന്നു.

കഴിഞ്ഞമാസം 21–ാംതീ തിരഞ്ഞെടുപ്പും 22–ാതിയ്യതി റോട്ടെണ്ണലും നടന്നു. 26–ാംതീ പുതിയ പ്രസിഡണ്ടു് തെരഞ്ഞെടുപ്പും നടത്തപ്പെട്ടു. പഴയ നേതൃത്വത്തിനു് പകരം സി. സി. മോഹൻ(പ്രസിഡണ്ടു്) ബാലൻ (വൈസ് പ്രസിഡണ്ടു്) എന്നിവർ അധികാരസ്ഥാനത്തെത്തി. എന്നാൽ പഴയ പ്രസിഡണ്ടു് വടേക്കര ബാലൻ നായർ ഈ തീയതിവരേയും അധികാരം ഒഴിഞ്ഞുകൊടുക്കാൻ തയ്യാറായിട്ടില്ലെന്നറിയുന്നു. ഇതുമൂലം റൂറൽ ബാങ്കിന്റെ പ്രവർത്തനം ഇന്നു് സ്തംഭനത്തിലാണ്. ചാവക്കാടു് ഫർക്കയിൽ സഹകരണസംഘങ്ങൾക്കും മുഖ്യമായുള്ള അറിവില്പന തുടങ്ങി നിരവധി ഉത്തരവാദിത്വങ്ങളും പലത്താനുള്ള ഒരു സ്ഥാപനത്തിൽ ഈ സ്തംഭനാവസ്ഥ നിലകൊള്ളുകയാണെങ്കിൽ എന്തായിരിക്കും കഥ.

അധികാരം ഒഴിഞ്ഞുകൊടുക്കാൻ മടിക്കുന്ന പഴയനേതൃത്വത്തിന്റെ നടപടിയെ പലരും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. റൂറൽ ബാങ്കിന്റെ ഖജനാവു് ഒട്ടാപ്പെട്ടിരിക്കയാണെന്നും പുതിയ നേതൃത്വം വന്നാൽ അത് വെളിച്ചത്താകുമെന്നും അതിനാലാണ് അധികാരം കൈമാറാൻ പഴയനേതൃത്വം മടിക്കുന്നതെന്നുമാണ് ജനങ്ങളിൽ കടന്നുകൂടിയിട്ടുള്ള ആശങ്ക. അരിവിതരണക്കാര്യത്തിലുമാറാം ഈ സ്ഥാപനത്തിന്റെ പേരിൽ മൻപും അഴിമതി ആരോപണങ്ങളും ഉയന്നിട്ടുള്ളതാണ്.

....

കൈറോൺ വധത്തിന്റെ പിന്നിലുള്ള ലക്ഷ്യം

ഒരന്വേഷണത്തിന്നു് വിധേയമാക്കണമെന്നു് മുഖ്യമന്ത്രി

[പി. ടി. ഐ] ചണ്ഡിഗർ ഏ. 8

മൻമുഖ്യമന്ത്രി പ്രതാപ്സിംഗ് കൈരോണിന്റെ വധത്തിന്ന പിന്നിലുള്ള ഉദ്ദേശത്തെപ്പറ്റി ഒരു അന്വേഷണം നടത്തണമെന്ന് താൻ, ഇയ്യിടെ പ്രധാനമന്ത്രി ശാസ്ത്രിയേയും അഭ്യന്തരകാര്യമന്ത്രി നന്ദയേയും ഡൽഹിയിൽവെച്ച സന്ദർശിച്ചപ്പോൾ ആവശ്യപ്പെട്ടതായി പഞ്ചാബ് മുഖ്യമന്ത്രി മി. രാംകിഷൻ കോൺഗ്രസ് നിയമസഭാകക്ഷി മെമ്പർമാരുടെ ഒരു യോഗത്തിൽ പ്രസ്താവിച്ചതായിരുന്നു.

വധത്തിന്നുപിന്നിലുള്ള ലക്ഷ്യത്തെ സംബന്ധിച്ച് ചിലക്ക് തെറ്റിധാരണകളുള്ളതുകൊണ്ടാണ് താൻ ഈ അഭ്യർത്ഥന പുറപ്പെടുവിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

—

കൈറോൺ വധത്തിന്റെ പിന്നിലുള്ള ലക്ഷ്യം

ഒരന്വേഷണത്തിന്നു് വിധേയമാക്കണമെന്നു് മുഖ്യമന്ത്രി

[പി. ടി. ഐ] ചണ്ഡിഗർ ഏ. 8

മൻമുഖ്യമന്ത്രി പ്രതാപ്സിംഗ് കൈരോണിന്റെ വധത്തിന്ന പിന്നിലുള്ള ഉദ്ദേശത്തെപ്പറ്റി ഒരു അന്വേഷണം നടത്തണമെന്ന് താൻ, ഇയ്യിടെ പ്രധാനമന്ത്രി ശാസ്ത്രിയേയും അഭ്യന്തരകാര്യമന്ത്രി നന്ദയേയും ഡൽഹിയിൽവെച്ച സന്ദർശിച്ചപ്പോൾ ആവശ്യപ്പെട്ടതായി പഞ്ചാബ് മുഖ്യമന്ത്രി മി. രാംകിഷൻ കോൺഗ്രസ് നിയമസഭാകക്ഷി മെമ്പർമാരുടെ ഒരു യോഗത്തിൽ പ്രസ്താവിച്ചതായിരുന്നു.

വധത്തിന്നുപിന്നിലുള്ള ലക്ഷ്യത്തെ സംബന്ധിച്ച് ചിലക്ക് തെറ്റിധാരണകളുള്ളതുകൊണ്ടാണ് താൻ ഈ അഭ്യർത്ഥന പുറപ്പെടുവിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

—

ബർമ്മയിൽപാട്ടം നിറുത്തലാക്കിക്കൊണ്ട് ഉത്തരവ്

10 ലക്ഷം കർഷകരുടെ കണ്ണീരൊപ്പാൻ സർക്കാരിന്റെ സുധീരനടപടി

(യു. എൻ. ഐ.) റംഗൂൺ, ഏ. 7

നെൽപ്പാടങ്ങൾ കൈവശമുള്ള ബർമ്മീസ് കൃഷിക്കാർ ഇനിമേലിൽ ജന്മികൾക്കു പാട്ടം കൊടുക്കേണ്ടെന്നും നിർദ്ദേശിച്ചുകൊണ്ടും ആവക ഭൂമികൾക്കുള്ള പാട്ടം വ്യവസ്ഥ നിരുപാധികം റദ്ദാക്കിക്കൊണ്ടും ബർമ്മീസ് ഗവണ്മെൻറ് ഇന്നൊരു ഡിക്രി പുറപ്പെടുവിച്ചിരിക്കുന്നു.

ജനറൽ നേവിന്റെ നേതൃത്വത്തിലുള്ള ''ബർമ്മ റെവല്യൂഷനറി ഗവണ്മെൻറ്'' കുറേക്കാലം മുമ്പ് ഉൽഘാടനം ചെയ്ത കാർഷിക വിപ്ലവ പരിപാടിയിലെ ഏറ്റവും നിസ്സംശയമായ ഒരു വ്യവസ്ഥയാണ് ഈ പാട്ടം റദ്ദാക്കൽ നടപടി.

ബർമ്മയിലെ 10 ലക്ഷത്തിലധികം കർഷകരെ നേരിട്ട് ബാധിക്കുന്ന ഒന്നാണ് വിപ്ലവഗവണ്മെൻറിന്റെ ഈ പുതിയ നടപടി. ഇന്നു് ഇവർ പാട്ടമായി ആണ്ടിൽ ഏതാണ്ടു് 30 ലക്ഷം ഡോളർ ഉടമസ്സു് കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഉടൻ പ്രാബല്യത്തിൽ വരുന്ന ഈ പുതിയ നിയമപ്രകാരം ആ കൃഷിക്കാർ യാതൊന്നും തന്നെ കൈവശമുറിക്കു് പാട്ടമായി കൊടുക്കേണ്ടതില്ല.

ബർമ്മീസ് കൃഷിക്കാർക്കുവേണ്ടി നേവിൻ ഗവണ്മെൻറ് നടപ്പിലാക്കുന്ന മൂന്നാമത്തെ കാർഷിക പരിഷ്കാരനിയമമാണിതു്.

—

പാലക്കാട് വാർത്തകൾ

[സ്പെ. ലേ] പാലക്കാടു് ഏ. 8

നിയമാനുസൃതമായ റിട്ടേണുകൾ അയയ്ക്കാൽ വിഷു വരുത്തിയതിനു് ഇടത്തറ സ്വാമി ബ്രദേഴ്സ് റൈസ്മില്ലുടമസ്ഥൻ ശ്രീ. കെ. ഗണപതി മൂത്താൻ ലൈസൻസിന്നടച്ച തുക പാലക്കാടു് കലക്ടർ കണ്ടു കെട്ടിയിരിക്കുന്നു. കണക്കിൽപെടാത്ത 8 ചാക്ക് അരി മില്ലിൽ സൂക്ഷിച്ചതിനു് മദ്രാരോഡ് പി. കെ. വി. റൈസ് മില്ലുടമസ്ഥൻ ശ്രീ പി. കെ. വാസുദേവന്റെ ഫുഡ് ഗ്രെയിൻസ് ലൈസൻസ് 1965 ഡിസംബർ അവസാനംവരെ തടഞ്ഞുവെച്ചിട്ടുണ്ട്.

സഹായധനം അനുവദിച്ചു

തീ പിടുത്തം മൂലം വീടുനഷ്ടപ്പെട്ട പനിയമ്മൂരിൽ ചാത്തപ്പനു് (ഓറപ്പുലം താലൂക്കു്) പാലക്കാടു് ജില്ലാകലക്ടർ 35ക സഹായധനം അനുവദിച്ചിരിക്കുന്നു.

ഒന്നാം വിളയ്ക്ക് പാക്കേജ് വായ്പ

ഒന്നാം വിളയ്ക്കു് പാക്കേജ് കൃഷി വായ്പ വേണ്ടവർ അതാതുസ്ഥലത്തുള്ള സേവന സഹകരണ സംഘങ്ങളിൽ ഉടനടി അപേക്ഷിക്കേണ്ടതാണെന്നു് പാക്കേജ് ജോയിന്റ് ഡയറക്ടർ അറിയിക്കുന്നു. രണ്ടു് ആംഗ്രാമ്യത്തിൽ ഏക്കറിനു് 150 രൂപാവരെ കടം വാങ്ങാം. ഇതിന്റെ പകുതിസോധാന സാമഗ്രികളായും ബാക്കി റൊക്കം പണമായും നല്കും

വാണിയംകുളം പാക്കോണം റോഡിനു് 22000 ക

ഒറപ്പാലം ബ്ലോക്കിൽ വാണിയംകുളത്തുനിന്നും പാക്കോണംവരെ ഒരു നിലവരുന്ന ഒരു പദ്ധതിയ്ക്കു് പാലക്കാടു് ജില്ലാ അനുമതി നല്കിയിരിക്കുന്നു. 9684 ക. ഗവർമ്മെണ്ട് ഗ്രാന്റും നല്കുന്നതും ശേഷിച്ച 12316 ക പൊതുജനസംഭാവനയുമായിരിക്കും.

....

കല്യാണ വേല!

ആലപ്പുഴ ഏ. 8

ആലപ്പുഴജില്ലയിൽ വാർദ്ധക്യകാലപെൻഷനപരിധിയിൽ വരുന്നവരുടെ കൂട്ടത്തിൽ 19–പ്രായശ്യം വിവാഹം കഴിച്ച ഒരു 80–കാരൻ ആശ്രിതയും ഉൾപ്പെടുന്നതായി ഒരു ദൃശ്യഗിക പരുക്കാപ്പിൽ പറയുന്നു.

കാത്തികപ്പിള്ളി താലൂക്കിലെ തൃക്കുന്നപ്പുഴയിലാണ് ഈ ''കല്ല്യാണവീരൻ'' നിരാലംബനായി കഴിഞ്ഞുകൂടുന്നതു്. വേല എന്ന ഈ വൃദ്ധൻ നേരത്തെ വിവാഹം ചെയ്ത 18–ഭാര്യമാരേയും ഒരോരുത്തർ ഓരോരുത്തരായി ഉപേക്ഷിച്ചുകാരോ വിവാഹത്തിലും ഉണ്ടാകുന്ന കുട്ടികളേയും ഈ ഭാര്യമാരോടൊപ്പം ഉപേക്ഷിക്കപ്പെട്ടു, ഇപ്പോൾ ഇയ്യാം തന്റെ 19–ാംമത്തെ ഭാര്യയോടൊപ്പമാണ് താമസിക്കുന്നതു്. അവക്ക് 60 വയസ്സ് പ്രായമുണ്ട്. അവരുമായി വിവാഹബന്ധത്തിലേപ്പെട്ടിട്ട് 20–കൊല്ലങ്ങളായി. ഈ വിവാഹത്തിൽ കുട്ടികളൊന്നുമില്ല.

ജീവിക്കുവാൻ എന്തെങ്കിലും മാർഗ്ഗമോഷ്ടിക്കുകയോ ചെയ്യാത്തതിനാൽ, ഈ വൃദ്ധനു് 2 കൊല്ലം മുമ്പ് ഗവണ്മെണ്ടു് വാർദ്ധക്യകാലപെൻഷൻ അനുവദിച്ചു.

....

അമേ: വിമാനങ്ങൾ ബോമ്പുവർഷംനടത്തി

റോയിട്ടർ സായ്ഗോൺ, ഏ. 7

35–ൽപരം അമേരിക്കൻ നാവിക വിമാനങ്ങൾ വടക്കൻ വിയറ്റ്നാമിന്റെ ഉത്തര–ദക്ഷിണ ഹൈവേയിലുള്ള സൈനികത്താവളങ്ങളുടെ നേരെ റോക്കറ്റുകളും നപ്പാളം ബോമ്പുകളും വർഷിച്ചിരിക്കുന്നു.

വ്യോമാക്രമണവേളയിൽ അഞ്ച് അമേരിക്കൻ വിമാനങ്ങളെ വെടിവെച്ചു വീഴ്ത്തിയെന്നും നിരവധി വിമാനങ്ങൾക്ക് കേടുപാടുകൾവരുത്തിയെന്നും ഹാനോയിൻ റേഡിയോയിൽനിന്നുള്ള റിപ്പോർട്ടുകളെ ഉദ്ധരിച്ചുകൊണ്ട് പീക്കിങ്ങ് റേഡിയോ റിപ്പോർട്ടുചെയ്തു.

കഴിഞ്ഞയാഴ്ചയിൽ സായിഗോണിലെ അമേ. എംബസ്സി ബോബിട്ട് തകർത്തതിൽ കയ്യുണ്ടെന്ന സംശയിച്ച് പിടിക്കപ്പെട്ടിട്ടുള്ള നൂയേൻവാൻതായി എന്നയാൾക്ക് യു. എസ്. അധികൃതർ മരണശിക്ഷനൽകിയാൽ തടവുകാരനായിപിടിക്കപ്പെട്ടിട്ടുള്ള ഒരു 'അമേ. ഏജൻറിനെ'' തങ്ങളും മരണശിക്ഷനൽകുമെന്ന് വിയറ്റ്കോങ്ങ് നേതാക്കൾ പ്രസ്താവിച്ചതായി ന്യൂചൈനാ ന്യൂസ് ഏജൻസി ഇന്നു് റിപ്പോർട്ടുചെയ്തു.

—

ധമ്മപുരിയിൽ നാളെ ഉപതിരഞ്ഞെടുപ്പ്

[പി. ടി. ഐ.] സേലം ഏ. 8

സേലം ജില്ലയിൽപെട്ട ധമ്മപുരി നിയോജകമണ്ഡലത്തിൽനിന്നും മദിരാശി നിയമസഭയിലേയ്ക്കു് ഏപ്രിൽ 10–ാംതീയതി നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ നാലു സ്ഥാനാത്ഥികളാണു് മത്സരിക്കുന്നതു്.

ഒരു സ്വതന്ത്രനായ ആർ. എസ്. വീരപ്പചെട്ടിയാരുടെ നിര്യാണത്തെത്തുടന്നാണു് ഇവിടെ ഉപതിരഞ്ഞെടുപ്പു വേണ്ടിവന്നതു്.

ഡി. എൻ. വടിവേലുഗൌണ്ടർ [കോൺ], എം. സുബ്രഹ്മണ്യഗൌണ്ടർ (ഡി. എം. കെ.], മുത്തു [കമ്മ്യൂ.], ടി. വി. അഞ്ജന (സ്വ.) എന്നിവരാ